2025FEBRUARY
03
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ആണവോർജ മേഖലയിൽ സ്വകാര്യ പങ്കാളിത്തം; പ്രധാനമന്ത്രിയുടെ യുഎസ് സന്ദർശനത്തിന് മുൻപ് നിയമങ്ങളിൽ ഭേദഗതി

**ന്യൂഡൽഹി:** പ്രധാനമന്ത്രിയുടെ യുഎസ് സന്ദർശനത്തിനു മുൻപായി ആണവോർജ നിയമങ്ങളിൽ ഭേദഗതി ലക്ഷ്യമിട്ട് ഇന്ത്യ. ആണവോർജ ഉൽപാദന മേഖലയിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുമെന്നു ശനിയാഴ്ചത്തെ കേന്ദ്ര ബജറ്റിൽ ധനമന്ത്രി നിർമല സീതാരാമൻ പ്രഖ്യാപിച്ചിരുന്നു. ഇതിനായി ആണവോർജ ഉൽപാദനത്തിന് സർക്കാരിനെ മാത്രം അനുവദിക്കുന്ന ആണവോർജ നിയമത്തിലും ആണവനിലയങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങളിൽ നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട സിവിൽ ലയബിലിറ്റി ഓഫ് ന്യൂക്ലിയർ ഡാമേജ് നിയമത്തിലും മാറ്റം വരുത്തുമെന്നും ആയിരുന്നു പ്രഖ്യാപനം. എട്ടു വർഷത്തിനുള്ളിൽ ചെറു മോഡുലാർ ന്യൂക്ലിയർ റിയാക്ടർ (എസ്എംആർ) നിർമിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഗവേഷണങ്ങൾക്കായി ന്യൂക്ലിയർ എനർജി മിഷൻ സ്ഥാപിക്കുമെന്നും ധനമന്ത്രി പറഞ്ഞിരുന്നു.



ആണവോർജ മേഖലയിലെ ഇന്ത്യൻ സ്ഥാപനങ്ങളായ ഇന്ത്യൻ റെയർ എർത്ത്സ്, ഇന്ദിരാഗാന്ധി അറ്റോമിക് റിസർച് സെന്റർ, ഭാഭ അറ്റോമിക് റിസർച് സെന്റർ എന്നിവയെ കരിമ്പട്ടികയിൽനിന്ന് യുഎസ് ഒഴിവാക്കിയതിന് ആഴ്ചകൾക്കു പിന്നാലെയാണ് ആണവോർജ രംഗത്ത് സ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ ഇന്ത്യ തീരുമാനിച്ചത്.

ഈ മാസം പ്രധാനമന്ത്രി നടത്തുന്ന യുഎസ് സന്ദർശനത്തിനിടെ ആണവ മേഖലയിലെ സഹകരണം ശക്തമാക്കുന്നതിനെ കുറിച്ച് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി ചർച്ച നടത്തുമെന്നാണു സൂചന. ഇന്ത്യ-യുഎസ് ആണവക്കരാർ നടപ്പാക്കുന്നതിൽ പുതിയ ഭേദഗതി കാര്യമായ പങ്കുവഹിച്ചേക്കുമെന്നും വിലയിരുത്തപ്പെടുന്നു.

സിവിൽ ലയബിലിറ്റി ഫോർ ന്യൂക്ലിയർ ഡാമേജ് നിയമത്തിലെ കടുത്ത നിയന്ത്രണങ്ങളാണ് ആണവക്കരാർ യാഥാർഥ്യമാകുന്നതിനു തടസമായിരുന്ന പ്രധാന കാരണങ്ങളിലൊന്ന്. 2005ൽ അന്നത്തെ പ്രധാനമന്ത്രി മൻമോഹൻ സിങ്ങും അന്നത്തെ യുഎസ് പ്രസിഡന്റ് ജോർജ് ഡബ്ല്യു ബുഷും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് ഇന്ത്യ-യുഎസ് ആണവ സഹകരണത്തിനുള്ള ചർച്ച തുടങ്ങിയത്. എന്നാൽ നിയന്ത്രണങ്ങളിലും അഭിപ്രായ വ്യത്യാസങ്ങളിലും തട്ടി മൂന്നുവർഷം കൊണ്ട് ചർച്ചകൾ വഴിമുട്ടുകയായിരുന്നു.

## രാജ്യം 6.8 ശതമാനം വളർച്ച കൈവരിക്കുമെന്ന് സാമ്പത്തിക സർവെ

**ന്യൂദൽഹി:** 2025-26 സാമ്പത്തിക വർഷത്തിൽ രാജ്യം 6.3 ശതമാനത്തിനും 6.8 ശതമാനത്തിനുമിടയിൽ വളർച്ച നേടുമെന്ന് സാമ്പത്തിക സർവെ. ധനമന്ത്രി നിർമല സീതാരാമൻ പാർലമെന്റിൽവെച്ച സർവെയിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്.

അന്താരാഷ്ട്ര നാണയ നിധി(ഐ.എം.എഫ്), ഏഷ്യൻ വികസന ബാങ്ക് (എ.ഡി.ബി) ലോക ബാങ്ക് തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികളുടെ വളർച്ചാ അനുമാനങ്ങളുമായി പൊരുത്തപ്പെടുന്നതാണ് സർക്കാരിന്റെ കണക്കുകൾ.

സ്വാതന്ത്ര്യത്തിന്റെ നൂറാം വാർഷികത്തോടെ 'വികസിത് ഭാരത്' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് എട്ട് ശതമാനം വളർച്ചാ നിരക്ക് കൈവരിക്കേണ്ടതുണ്ടെന്നും സർവെയിൽ പറയുന്നു.

ശക്തമായ സാമ്പത്തിക സ്ഥിതി, സാമ്പത്തിക ഏകീകരണം, സ്ഥിരതയുള്ള സ്വകാര്യ ഉപഭോഗം എന്നിവയിലൂടെ സമ്പദ്‌വ്യവസ്ഥ കരുത്ത് പ്രകടിപ്പിക്കേണ്ടതുണ്ട്. ആഗോളതലത്തിൽ പണപ്പെരുപ്പ സമ്മർദങ്ങൾ കുറഞ്ഞിട്ടുണ്ടെങ്കിലും പശ്ചിമേഷ്യയിലെ പിരിമുറുക്കങ്ങൾ, റഷ്യയുക്രെയിൻ സംഘർഷം തുടങ്ങിയ ഭൗമരാഷ്ട്രീയ പ്രതിസന്ധികൾ നിലനിൽക്കുണ്ടെന്നും സർവെയിൽ പറയുന്നു.

ദുർബലമായ നിർമാണ മേഖലയും മന്ദഗതിയിലുള്ള കോർപറേറ്റ് നിക്ഷേപങ്ങളും നടപ്പ് സാമ്പത്തിക വർഷം രാജ്യത്തെ വളർച്ച 6.4 ശതമാനത്തിലേക്ക് ചുരുക്കി. നാല് വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ നിരക്കാണിത്. മുൻവർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ കുത്തനെയുള്ള ഇടിവും. 2023-24 സാമ്പത്തിക വർഷം 8.2 ശതമാനവും 2022-23ൽ 7.2 ശതമാനവും 2021-22ൽ 8.7 ശതമാനവുമാണ് വളർച്ചകൈവരിച്ചത്.

## വന്ദേഭാരത്, നമോഭാരത് ട്രെയിനുകൾ വരുന്നു

**തിരുവനന്തപുരം:** 200 വന്ദേഭാരത് ട്രെയിനുകളും 50 നമോഭാരത് ട്രെയിനുകളും 100 അമൃത് ഭാരത് നോൺ എസി ട്രെയിനുകളും പുറത്തിറക്കുമെന്ന ബജറ്റ് പ്രഖ്യാപനം യാത്രക്കാർക്കു നേട്ടമാകും. വൈകിയാണെങ്കിലും റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധ സാധാരണ യാത്രക്കാരിലേക്കു തിരിയുന്നു എന്നതാണു ശ്രദ്ധേയം. 3 വർഷത്തിനുള്ളിൽ 17,500 ജനറൽ കോച്ചുകൾ നിർമിക്കാനുള്ള തീരുമാനം, തേഡ് എസി കോച്ചുകൾ കൂട്ടാനുള്ള മുൻ തീരുമാനത്തിൽനിന്നുള്ള പിന്മാറ്റമാണ്.



യാത്രക്കൂലി കൂട്ടുന്നതു വിമർശിക്കപ്പെടുമെന്നതിനാൽ അതു മറികടക്കാൻ സൗകര്യങ്ങൾ കൂടിയ വന്ദേഭാരത്, നമോഭാരത് ട്രെയിനുകൾ ഓടിക്കുകയും അവയുടെ ടിക്കറ്റ് നിരക്ക് ഉയർത്തുകയുമാണു റെയിൽവേ ചെയ്യുന്നത്.

200, 250 കിലോമീറ്റർ പരിധിയിലുള്ള നഗരങ്ങളെ ബന്ധിപ്പിക്കുന്ന നമോഭാരത് ട്രെയിൻ മെട്രോ മാതൃകയിൽ സീറ്റുള്ളവയാണ്. എറണാകുളം,കോഴിക്കോട്, കോഴിക്കോട്,മംഗളൂരു, തിരുവനന്തപുരം,എറണാകുളം, കോയമ്പത്തൂർ,നിലമ്പൂർ, കൊല്ലം,തിരുനെൽവേലി റൂട്ടുകൾ നമോഭാരതിന് അനുയോജ്യമാണ്.

വന്ദേഭാരത് ചെയർകാറിനു പുറമേ സ്ലീപ്പർ ട്രെയിനുകളും ഈ വർഷം പുറത്തിറക്കുമെന്ന പ്രഖ്യാപനത്തോടെ ചെയർകാർ കോച്ചുകളുടെ ഉൽപാദനം കുറയ്ക്കുമെന്നാണു സൂചന. 2025-27 കാലയളവിൽ 50 വന്ദേഭാരത് സ്ലീപ്പർ ട്രെയിനുകൾ പുറത്തിറക്കാനാണു തീരുമാനം. വന്ദേഭാരത് സ്ലീപ്പർ ട്രെയിനുകൾ രാജധാനി റൂട്ടുകളിലും മറ്റു പ്രധാന റൂട്ടുകളിലുമാണു വരിക. തിരുവനന്തപുരം നോർത്ത് , ബെംഗളൂരു വന്ദേഭാരത് സ്ലീപ്പർ റെയിൽവേ ബോർഡ് ആദ്യം ശുപാർശ ചെയ്ത റൂട്ടുകളുടെ പട്ടികയിലുണ്ട്. തിരുവനന്തപുരത്തുനിന്നു മുംബൈയിലേക്കും വന്ദേഭാരത് സ്ലീപ്പറിനു സാധ്യതയുണ്ട്.



സൊസൈറ്റി ടുഡേ
SOCIETY TODAY




**തൃപ്പൂണിത്തുറ റോട്ടറി ക്ലബ്ബ് സംഘടിപ്പിച്ച ഓർബിസ്ലൈവ്സ് ഹാഫ് മാരത്തണിൽ 21 കിലോമീറ്റർ പുരുഷ വിഭാഗത്തിൽ ജേതാവായ രോഹിത് കുമാറിന് മന്ത്രി പി.രാജീവ് സമ്മാനം കൈമാറുന്നു. ഓർബിസ്ലൈവ്സ് മാനേജിംഗ് ഡയറക്ടർ ആന്റൺ ഐസക്ക്, തൃക്കാക്കര എസിപി പി.വി ബേബി, വിനോദ് മേനോൻ,എൻ.ആർ.പരമേശ്വരൻ, ചിത്ര പ്രദീപ്,അഡ്വ. കെ.വി.സാബു, സുനിൽ നായർ, പരിശീലകൻ രാജീവ് തുടങ്ങിയവർ സമീപം.**

# ഓർബിസ് ലൈവ്സ് തൃപ്പൂണിത്തുറ ഹാഫ് മാരത്തൺ: രോഹിത് കുമാറും സരോജ് സരോജും ജേതാക്കൾ

**കൊച്ചി:** തൃപ്പൂണിത്തുറ റോട്ടറി ക്ലബ്ബ് സംഘടിപ്പിച്ച രണ്ടാമത് ഓർബിസ്ലൈവ്സ് തൃപ്പൂണിത്തുറ ഹാഫ് മാരത്തണിൽ 21 കിലോമീറ്റർ പുരുഷ വിഭാഗത്തിൽ രോഹിത് കുമാർ (1:08:47) വനിതാ വിഭാഗത്തിൽ സരോജ് സരോജും (1:35:08) ജേതാക്കളായി. 10 കിലോമീറ്റർ വിഭാഗത്തിൽ എം.മനോജും (00:35:27) വനിതാ വിഭാഗത്തിൽ ജി.ജിൻസിയും (00:44:35) ജേതാക്കളായി. പുലർച്ചെ അഞ്ചിന് കാക്കനാട് ചിറ്റിലപ്പിള്ളി സ്ക്വയറിൽ നിന്നാരംഭിച്ച മാരത്തണിൽ 21 കിലോമീറ്റർ ഓട്ടം തൃക്കാക്കര എസിപി. പി.വി.ബേബിയും, പത്ത് കിലോമീറ്റർ ഓട്ടം ഓർബിസ്ലൈസ് മാനേജിംഗ് ഡയറക്ടർ ആന്റൺ ഐസക്ക്, മൂന്നു കിലോമീറ്റർ ഫൺ റൺ തൃപ്പൂണിത്തുറ റോട്ടറി ക്ലബ് പ്രസിഡന്റ് എൻ.ആർ.പരമേശ്വരനും ഫ് ളാഗ് ഓഫ് ചെയ്തു. ചിറ്റിലപ്പള്ളി സ്ക്വയറിൽ നിന്നാരംഭിച്ച് കാക്കനാട്, തൃക്കാക്കര, കിഴക്കമ്പലം എന്നിവിടങ്ങളിലൂടെ കടന്ന് തിരികെ ചിറ്റിലപ്പള്ളി സ്ക്വയറിലായിരുന്നു മാരണത്തൺ സമാപിച്ചത്.സ്വദേശത്തു നിന്നും വിദേശത്ത് നിന്നുമായി 1200 ൽ അധികം കായിക താരങ്ങൾ മാരത്തണിൽ പങ്കെടുത്തുവെന്ന് സംഘാടകർ പറഞ്ഞു. രണ്ടാംസ്ഥാനം കെനിയൻ സ്വദേശി ഡാനിയേൽ ചെറിയോട്ട് (01:09:48) കരസ്ഥമാക്കി.

സമാപന സമ്മേളനത്തിൽ വിജയികൾക്ക് മന്ത്രി പി.രാജീവ് സമ്മാനദാനം നിർവ്വഹിച്ചു. ചടങ്ങിൽ കോസ്റ്റ് ഗാർഡ് ഡി.ഐ.ജി എൻ.രവി,മുഖ്യാതിഥിയായിരുന്നു. റോട്ടറി ക്ലബ് അസിസ്റ്റന്റ് ഗവർണർ വിനോദ് മേനോൻ ,ഓർബിസ്ലൈവ്സ് മാനേജിംഗ് ഡയറക്ടർ ആന്റൺ ഐസക്ക്, തൃക്കാക്കര അസിസ്റ്റന്റ് പോലിസ് കമ്മീഷണർ പി.വി ബേബി, തൃപ്പൂണിത്തുറ റോട്ടറി ക്ലബ്ബ് പ്രസിഡന്റ് എൻ.ആർ.പരമേശ്വരൻ, സെക്രട്ടറി ചിത്ര പ്രദീപ് റോയൽ റൺ മുഖ്യ പരിശീലകൻ രാജീവ്, ഹൈക്കോടതിയിലെ കേന്ദ്ര സർക്കാർ സീനിയർ കൗൺസിൽ അഡ്വ. കെ.വി.സാബു, ഡോ.വിപിൻ റോൾഡന്റ്, ഡോ. സ്റ്റീവ് ജോർജ് (സെന്റ് ജോസഫ് ആശുപത്രി), തൃപ്പൂണിത്തുറ റോയൽ റണ്ണേഴ്സ് പ്രതിനിധി സുനിൽ നായർ തുടങ്ങിയവർ പ്രസംഗിച്ചു.

# സ്മാർട്ട് അങ്കണവാടികൾ: സംസ്ഥാനതല ഉദ്ഘാടനം ഇന്ന്

**തിരുവനന്തപുരം:** സംസ്ഥാനത്ത് പ്രവർത്തസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പെരുങ്കടവിള ഒറ്റശേഖരമംഗലം കരവറ 60ാം നമ്പർ അങ്കണവാടി കേന്ദ്രീകരിച്ച് ജനാർദനപുരം ഹയർസെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ഫെബ്രുവരി 3 തിങ്കളാഴ്ച രാവിലെ 11 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. സി.കെ. ഹരീന്ദ്രൻ എംഎൽഎ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും. അതത് സ്മാർട്ട് അങ്കണവാടികളിലെ ഉദ്ഘാടന ചടങ്ങളുകളിൽ മന്ത്രിമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പങ്കെടുക്കും.

അങ്കണവാടികളിൽ എത്തിച്ചേരുന്ന കുഞ്ഞുങ്ങളുടെ മാനസികവും ശാരീരികവുമായ വികസനത്തിന് ശിശു സൗഹൃദപരമാക്കുന്നതിന്റെ ഭാഗമായാണ് അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കിയതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. നിലവിൽ 189 സ്മാർട്ട് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുള്ളതിൽ 87 അങ്കണവാടികളുടെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ 30 സ്മാർട്ട് അങ്കണവാടികളാണ് ഇപ്പോൾ പ്രവർത്തന സജ്ജമായത്. ഇതോടെ 117 സ്മാർട്ട് അങ്കണവാടികൾ യാഥാർത്ഥ്യമായി. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിക്കുന്നതായും മന്ത്രി വ്യക്തമാക്കി. ഒന്നാം ക്ലാസിന് മുമ്പ് കുട്ടികൾ എത്തുന്ന ഇടമാണ് അങ്കണവാടികൾ. അതനുസരിച്ച് അങ്കണവാടികളുടെ അടിസ്ഥാന സൗകര്യത്തിലും കരിക്കുലത്തിലും വലിയ മാറ്റങ്ങൾ വരുത്തി. സ്ഥല സൗകര്യം അനുസരിച്ച് 10, 7.5, 5, 3, 1.25 സെന്റുകളുള്ള പ്ലോട്ടുകൾക്ക് അനുയോജ്യമായാണ് സ്മാർട്ട് അങ്കണവാടികൾ രൂപകല്പന ചെയ്തിരിക്കുന്നത്. കുഞ്ഞുങ്ങളുടെ ഭാവിയുടെ സമഗ്ര വികാസം ഉറപ്പാക്കിയാണ് സ്മാർട്ട് അങ്കണവാടികളിൽ സൗകര്യങ്ങളൊരുക്കിയിട്ടുള്ളത്. പഠനമുറി, വിശ്രമമുറി, ഭക്ഷണ മുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, ഹാൾ, പൂന്തോട്ടം തുടങ്ങിയ സൗകര്യങ്ങളുമുണ്ടാകും. വനിതശിശുവികസന വകുപ്പ്, ആർകെഐ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ. എന്നീ ഫണ്ടുകൾ സംയുക്തമായി വിനിയോഗിച്ചാണ് സ്മാർട്ട് അങ്കണവാടികൾ പൂർത്തിയാക്കിയത്.

# തിരുവനന്തപുരം പഠനയാത്ര പൂർത്തിയാക്കി വിദ്യാർത്ഥിനികൾ

**പാലക്കാട്:** അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന തിരഞ്ഞെടുക്കപ്പെട്ട പെൺകുട്ടികൾക്കായി നടത്തി വരുന്ന പദ്ധതിയാണ് "സൂപ്പർ 100". അട്ടപ്പാടിയിലെ മുക്കാലി മോഡൽ റെസിഡൻഷ്യൽ സ്കൂളിലും, അഗളി സ്കൂളിലും പഠിക്കുന്ന 8 മുതൽ 11 ക്ലാസുകളിലെ 108 പെൺകുട്ടികളാണ് പദ്ധതിയുടെ ഭാഗമായുള്ളത്. ഇവർക്കിടയിൽ നൈപുണ്യ വികസനത്തിനുതകുന്ന വിവിധ പരിപാടികൾ ഉൾക്കൊള്ളുന്നതാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന ഈ പദ്ധതി. അസാപ് കേരളയും പാലക്കാട് ജില്ലാ ഭരണകൂടവും റബ്ഫിലാ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയും ചേർന്ന് സംയുക്തമായി നടപ്പിലാക്കുന്ന "സൂപ്പർ 100" പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്തേക്ക് പഠനയാത്ര നടത്തി. ജനുവരി 31, ഫെബ്രുവരി 1, 2 തീയതികളിൽ നടന്ന യാത്രയിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ സ്ഥലങ്ങൾ കുട്ടികൾ സന്ദർശിച്ചു. നിയമസഭാ സെക്രട്ടറി ഡോ.എൻ.കൃഷ്ണകുമാർ, ശ്രീധന്യ സുരേഷ് ഐഎഎസ്, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്, ആൽഫ്രഡ് ഒ വി, സബ് കളക്ടർ എന്നിവർ കുട്ടികളുമായി സംവദിച്ചു. കുട്ടികളുടെ മുന്നിലുള്ള അവസരങ്ങൾ എന്തൊക്കെ എന്ന് തിരിച്ചറിയാൻ സഹായിക്കുന്നതായിരുന്നു ഈ സെഷനുകൾ.

കേരള നിയമസഭ, വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ സെർവിസ്സ് സെന്റർ, പ്ലാനറ്റേറിയം, അസ്ട്രോണോമിക്കൽ ഒബ്സർവേറ്ററി, ഏഷ്യാനെറ്റ് ന്യൂസ് ഓഫീസ് തുടങ്ങിയവ സന്ദർശിച്ചു. ഓഗ്മെന്റഡ് റിയാലിറ്റി വിർച്യുൽ റിയാലിറ്റി ഉപകരണങ്ങൾ പരിചയപ്പെടുത്തുന്ന എക്സ്പെർട് സെഷനും കുട്ടികൾക്ക് ലഭ്യമാക്കി.



**എറണാകുളത്തപ്പൻ ശിവ ക്ഷേത്രത്തിൽ ക്ഷേത്രം തന്ത്രി പുലിയന്നൂർ ആര്യ നമ്പൂതിരിപ്പാടിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന കൊടിയേറ്റം.**

# ആരോഗ്യം ആനന്ദം; വനിതാ കാൻസർ നിയന്ത്രണ പദ്ധതിക്ക് ജില്ലയിൽ ഫെബ്രുവരി 4 ന് തുടക്കം

**തിരുവനന്തപുരം:** ലോക കാൻസർ ദിനമായ ഫെബ്രുവരി നാലിന് കേരള സർക്കാരിന്റെ വനിതാ കാൻസർ നിയന്ത്രണ പദ്ധതിയായ ആരോഗ്യം ആനന്ദം (ടാഗ് ലൈൻ അകറ്റാം അർബുദം) പദ്ധതിക്ക് ജില്ലയിൽ തുടക്കം കുറിക്കും. സ്ത്രീകളിൽ കൂടുതലായി കാണുന്ന സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവയുടെ ബോധവൽക്കരണവും സ്ക്രീനിങ്ങും ശക്തിപ്പെടുത്തുന്നതിന് 30 നും 65 ഇടയിൽ പ്രായമുള്ളവരെ ലക്ഷ്യമിട്ടാണ് കാമ്പയിൻ നടപ്പിലാക്കുന്നത്.

കാമ്പയിന്റെ ഔദ്യോഗിക ജില്ലാതല ലോഞ്ചിന്റെ ഭാഗമായി ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ ലോക കാൻസർ ദിനമായ ഫെബ്രുവരി നാലിന് രാവിലെ 9.30 ന് ജില്ലാ കളക്ടറേറ്റ് മുതൽ ജെൻഡർ പാർക്ക് വരെ പിങ്ക് വാക്കത്തോൺ നടത്തും. അന്നേദിവസം തന്നെ ജില്ലിയിലെ ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രാദേശികതലത്തിലും പ്രോഗ്രാം ലോഞ്ച് ചെയ്യും. 30 വയസ്സ് കഴിഞ്ഞ എല്ലാ സ്ത്രീകളെയും സ്ക്രീനിംഗ് നടത്തി ആരോഗ്യ സുരക്ഷ ഉറപ്പാക്കുക എന്നതാണ് കാമ്പയിൻ ലക്ഷ്യം.

ഫെബ്രുവരി നാല് മുതൽ മാർച്ച് 8 വരെ നീണ്ടു നിൽക്കുന്ന കാമ്പയിനിലൂടെ ഓരോ വനിതകളിലേക്കും രോഗലക്ഷണങ്ങൾ, നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ചുള്ള അറിവ് പകരുക, ഫലപ്രദമായ ചികിത്സ ആരോഗ്യമുള്ള ജീവിതം ഉറപ്പാക്കും എന്ന ശുഭാപ്തി വിശ്വാസം ഉറപ്പാക്കുക, അറിവ് നേടി സ്വയം പ്രചോദിതരായ അവരെ സ്ക്രീനിങ്ങിന് വിധേയമാക്കുക, സ്ക്രീനിങ്ങിനും മറ്റു പരിശോധനകൾക്കും ചികിത്സാ നിർദ്ദേശങ്ങൾക്കുമുള്ള സാഹചര്യം പ്രാദേശിക അടിസ്ഥാനത്തിൽ ആരോഗ്യ സ്ഥാപനങ്ങളിൽ ഉറപ്പാക്കുക എന്നിവയാണ് കാമ്പയിന്റെ പ്രധാന ലക്ഷ്യങ്ങൾ.

കാമ്പയിനിൽ വിവിധ വകുപ്പുകളുടെയും മെഡിക്കൽ കോളേജിന്റേയും കാൻസർ പരിചരണവുമായി ബന്ധപ്പെട്ട സംഘടനകളുടെയും പിന്തുണയും സഹകരണവും ഉറപ്പാക്കുന്നതിന് ജില്ലാ കളക്ടർ അലക്സ് വർഗീസിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ കാൻസർ കെയർ കോ ഓർഡിനേഷൻ കമ്മിറ്റി യോഗം ചേർന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തം ഉറപ്പാക്കണമെന്ന് രക്ഷാധികാരിയായ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ ജി രാജേശ്വരി പറഞ്ഞു. പദ്ധതിയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് സജ്ജീകരണങ്ങളെക്കുറിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജമുന വർഗീസ് വിശദീകരിച്ചു. ആക്ഷൻ പ്ലാൻ ജില്ലാ നോഡൽ ഓഫീസർ ഡോ അനു വർഗീസ് വിശദീകരിച്ചു.

ഗവ. ടി ഡി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. മറിയം വർക്കി, ഓങ്കോളജി വകുപ്പ് മേധാവി ഡോ. മനോജ്, റേഡിയോ ഡയഗ്നോസിസ് മേധാവി ഡോ. സജീവ് ജോർജ് , കമ്മ്യൂണിറ്റി മെഡിസിൻ മേധാവി ഡോ. ശോഭ, ജില്ലാതല ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. സർക്കാർ സംവിധാനത്തിലും സ്വകാര്യ സംവിധാനങ്ങളെ ഉപയോഗപ്പെടുത്തിയും തുടർപരിശോധനയ്ക്കുള്ള സാഹചര്യവും കാമ്പയിന്റെ ഭാഗമായി ആരോഗ്യവകുപ്പ് ഉറപ്പാക്കും.

സംഘടിത, അസംഘടിത മേഖലകളിലുള്ള എല്ലാ വനിതകളെയും പ്രത്യേക പരിഗണന നൽകേണ്ട വനിതകളെയും പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിന് സർക്കാർ സംവിധാനത്തിന്റെയും സർവീസ് സംഘടനകളുടെയും സന്നദ്ധ സംഘടനകളുടെയും ഏകോപനവും സഹകരണവും ഉറപ്പാക്കും.

# ഭിന്നശേഷി അവകാശനിയമം: ബോധവൽക്കരണ സെമിനാർ

**പുന്നപ്ര:** 2016 ലെ ഭിന്നശേഷി അവകാശനിയമം സംബന്ധിച്ച് ജില്ലാ ബോധവൽക്കരണ സെമിനാറും അദാലത്തും ഫെബ്രുവരി അഞ്ചിന് പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് ഹാളിൽ രാവിലെ ഒൻപതു മുതൽ നടക്കും. ഭിന്നശേഷിക്കാർക്കുള്ള സംസ്ഥാന കമ്മീഷണറേറ്റിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447063686.



# സിഎംഎഫ്ആർഐ മേളയിൽ ആഴക്കടൽ മത്സ്യബന്ധന ഗവേഷണ പദ്ധതി

**കൊച്ചി:** സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന ത്രിദിന മത്സ്യമേളയിൽ പൊതുജന ശ്രദ്ധ നേടി ഇന്ത്യയുടെ ആഴക്കടൽ മത്സ്യബന്ധന ഗവേഷണ പദ്ധതി. ഏറെ സാധ്യതകളുള്ള ആഴക്കടലിലെ മത്സ്യവൈവിധ്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടതാണ് സംയുക്ത ഗവേഷണ പദ്ധതി.

ഇന്ത്യൻ സമുദ്രാതിർത്തിയിലെ ആഴക്കടലിൽ ഗണ്യമായ മത്സ്യസമ്പത്തുണ്ട്. എന്നാൽ, ഇവ പിടിക്കപ്പെടാതെ കിടക്കുകയാണ്. ഇരുന്നൂറ് മീറ്റർ മുതൽ ആയിരം മീറ്റർ വരെ ആഴമുള്ള ഭാഗങ്ങളിൽ കാണപ്പെടുന്ന മിസോപെലാജിക് മത്സ്യങ്ങളെ മത്സ്യത്തീറ്റ ഉൾപ്പെടെയുള്ള നിരവധി ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനുള്ള ഗവേഷണവികസന ശ്രമങ്ങളാണ് സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ നടന്നുവരുന്നത്.

മെഴുക് ധാരാളമടങ്ങിയിരിക്കുന്നതിനാൽ ഇവ മനുഷ്യർക്ക് ഭക്ഷ്യയോഗ്യമല്ല. എന്നാൽ, മത്സത്തീറ്റക്ക് ഇവയെ ഉപയോഗിക്കുന്നതിലൂടെ ഈ ആവശ്യങ്ങൾക്ക് തീരക്കടലുകളിലെ മത്തി പോലുള്ള വാണിജ്യമത്സ്യങ്ങളെ അമിതമായി ആശ്രയിക്കുന്നത് തടയാനാകും. തീരക്കടലുകളിലെ മീനുകളിന്മേലുള്ള അമിത സമ്മർദം ഒഴിവാക്കി സുസ്ഥിരത മെച്ചപ്പെടുത്തുകയാണ് ഈ സംയുക്ത പദ്ധതിയുടെ ലക്ഷ്യം.

ഫാറ്റി ആസിഡുകളും കൊഴുപ്പുകളും കൊണ്ട് സമ്പന്നമാണ് മിസോപെലാജിക് മത്സ്യങ്ങൾ. ഇവ വ്യാവസായിക, ഔഷധ, ന്യൂട്രാസ്യൂട്ടിക്കൽ ആവശ്യങ്ങൾക്ക് ഏറെ പ്രയോജനകരമാകുമെന്നാണ് കരുതുന്നത്. ഇവയുടെ സാധ്യതകളും വെല്ലുവിളികളും വിലയിരുത്തും.

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, വ്യവസായികൾ എന്നിവരടങ്ങുന്നതാണ് സംയുക്ത പദ്ധതി. ഇന്ത്യയുടെ ആഴക്കടൽ മത്സ്യസമ്പത്ത് പ്രയോജനപ്പെടുത്തുമെന്ന കേന്ദ്ര ബജറ്റ് പ്രഖ്യാപനത്തോടെ ഈ പദ്ധതിക്ക് കൂടുതൽ പ്രാധാന്യ കൈവന്നിരിക്കുന്നുവെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

ആഴക്കടൽ മത്സ്യബന്ധനത്തിന് ഏറെ സാധ്യതകളുണ്ട്. നിലവിൽ, മീൻപിടുത്തം പ്രധാനമായും 200 നോട്ടിക്കൽ മൈൽ ദൂരപരിധിയിലുള്ള തീരക്കടലിലാണ് നടന്നുവരുന്നത്. ആഴക്കടൽ മത്സ്യയിനങ്ങൾ പിടിക്കുന്നതിന് പ്രത്യേക യാനങ്ങൾ, സാങ്കേതികവൈദഗ്ധ്യം, മാനേജ്മെന്റ് രീതികൾ എന്നിവ ആവശ്യമാണെന്നും ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.മത്സ്യകർഷക സംഘങ്ങൾക്ക് വലകൾ നൽകി

സിഎംഎഫ്ആർഐയുടെ ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാനിന് കീഴിൽ പട്ടികജാതി വിഭാഗത്തിൽ പെട്ട വിവിധ മത്സ്യകർഷക സംഘങ്ങൾക്ക് വലകളും ത്രാസുകളും വിതരണം ചെയ്തു. കൂടുമത്സ്യകൃഷി, പെൻ കൾച്ചർ എന്നിവയിൽ ഉപയോഗിക്കുന്നതിനുള്ള രണ്ടിനം വലകളാണ് എട്ട് സ്വയം സഹായക സംഘങ്ങൾക്ക് നൽകിയത്.

മേളയുടെ സമാപനദിനമായ തിങ്കളാഴ്ച രാവിലെ 10 മുതൽ മൂന്ന് വരെ കൗതുകമുണർത്തുന്ന കടലറിവുകളുടെ പ്രദർശനമുണ്ടാകും. ആഴക്കടൽ കാഴ്ചകൾ സമ്മാനിക്കുന്ന സിഎംഎഫ്ആർഐയുടെ മ്യൂസിയം, മറൈൻ അക്വേറിയം, വിവിധ ലബോററ്ററികൾ എന്നിവ പൊതുജനങ്ങൾക്കായി തുറന്നിടും.

# കാൻസർ പ്രതിരോധത്തിന് ജനകീയ ക്യാമ്പയിനുമായി ആരോഗ്യ വകുപ്പ്

**കൊച്ചി:** കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യ വകുപ്പ് ജനകീയ കാൻസർ ക്യാമ്പയിൻ ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കാൻസർ നേരത്തെ കണ്ടെത്തുന്നതിന് സംസ്ഥാനം നടത്തുന്ന വലിയ ചുവടുവയ്പ്പാണിത്. സർക്കാർ, സ്വകാര്യ മേഖലകൾ സഹകരിച്ച് കൊണ്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. അതിന്റെ ആദ്യഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. ഈ കാലയളവിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, സെർവിക്കൽ കാൻസർ എന്നിവയ്ക്ക് സ്ക്രീനിംഗ് നടത്തി പരിശോധനയും ചികിത്സയും ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

നവകേരളം കർമ്മപദ്ധതി രണ്ട് ആർദ്രം മിഷന്റെ ഭാഗമായി ശൈലി ആപ്പ് വഴി ആരോഗ്യ വകുപ്പ് നടത്തിയ സ്ക്രീനിംഗിന്റെ ആദ്യഘട്ടത്തിൽ ഏകദേശം 9 ലക്ഷത്തോളം പേർക്ക് കാൻസർ രോഗ സാധ്യത ഉണ്ടെന്ന് കണ്ടെത്തിയിരുന്നു.

ഈ 9 ലക്ഷം പേരിൽ 1.5 ലക്ഷം ആളുകൾ മാത്രമാണ് തുടർ പരിശോധനയ്ക്ക് സന്നദ്ധമായിരുന്നത്. അതായത് സ്ക്രീനിംഗിൽ പങ്കെടുത്ത 7.5 ലക്ഷം പേരും തുടർ പരിശോധനയ്ക്ക് സന്നദ്ധമാകുന്നില്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്.

നിരവധി കാരണങ്ങളാൽ പല കാൻസർ രോഗികളും അവസാന സ്റ്റേജുകളിലാണ് ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തുന്നത്. അപ്പോഴേയ്ക്കും രോഗം ഗുരുതരമാകുകയും പലപ്പോഴും മരണമടയുകയും ചെയ്യുന്നു. പല കാൻസറുകളും വളരെ നേരത്തെ കണ്ടത്തി ചികിത്സ തേടിയാൽ ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും.

ഇത് മുന്നിൽ കണ്ടാണ് സംസ്ഥാന ആരോഗ്യ വകുപ്പ് പൊതുജനപങ്കാളിത്തത്തോടെ കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ജനകീയ കാൻസർ ക്യാമ്പയിൻ ആരംഭിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ആരോഗ്യം ആനന്ദംഅകറ്റാം അർബുദം' കാൻസർ ജനകീയ ക്യാമ്പയിന്റെ ലോഗോ പ്രകാശനം പത്തനംതിട്ടയിൽ കുടുംബശ്രീ പ്രവർത്തകരുടെ സാന്നിധ്യത്തിൽ മന്ത്രി വീണാ ജോർജ് നിർവഹിച്ചു.

# കുസാറ്റ്: സെക്യൂരിറ്റി ഗാർഡ് ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതി സർവകലാശാലയിൽ സെക്യൂരിറ്റി ഗാർഡുകളുടെ ഒഴിവിലേക്ക് (13 ഒഴിവ്) കരാറടിസ്ഥാനത്തിൽ നിയമിക്കാൻ അപേക്ഷകൾ ക്ഷണിച്ചു. ഏഴാം ക്ലാസും അഞ്ചുവർഷത്തെ സൈനിക വിഭാഗം / കേന്ദ്ര റിസർവ് പോലീസ് ഫോഴ്സ് / അതിർത്തി സുരക്ഷാ സേന / കേന്ദ്ര വ്യാവസായിക സുരക്ഷാ സേന / ഇൻഡോടിബറ്റൻ അതിർത്തി പോലീസ് / സശസ്ത്ര സീമ ബൽ സേവനപരിചയവും ശാരീരിക ക്ഷമതയുമുള്ളവർക്ക് അപേക്ഷിക്കാം. പ്രായം 55 കവിയരുത്.

താൽപര്യമുള്ളവർ സർവകലാശാല recruit.cusat.ac.in വെബ്സൈറ്റ് മുഖേന ഫെബ്രുവരി 17ന് മുമ്പ് ഓൺലൈനായി അപേക്ഷിക്കണം. അപ്ലോഡ് ചെയ്ത അപേക്ഷയുടെയും വയസ്സ്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, കമ്മ്യൂണിറ്റി തുടങ്ങിയവ തെളിയിക്കുന്ന രേഖകളുടെയും പകർപ്പുകൾ ഫോർ ദ പോസ്റ്റ് ഓഫ് സെക്യൂരിറ്റി ഗാർഡ് ഓൺ കോൺട്രാക്ട് ബെയ്സിസ്' എന്ന് രേഖപ്പെടുത്തിയ കവറിൽ 'രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, കൊച്ചി22' എന്ന വിലാസത്തിൽ ഫെബ്രുവരി 24 നകം ലഭിക്കണം.

# സീഫിഷ് ഫെസിലിറ്റി സെൻറർ ആരംഭിക്കുന്നു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നബാർഡിന്റെ ധനസഹായത്തോടെ മത്സ്യ ഉൽപ്പന്ന സംരംഭകർക്കുവേണ്ടി പുതിയ ഫെസിലിറ്റി സെന്റർ ആരംഭിക്കാൻ ധാരണയായി. സെൻറർ ഓഫ് എക്സലൻസ് ഫോർ ഫുഡ് ഇന്നോവേഷൻസ് ആൻഡ് സ്റ്റാർട്ടപ്പ് ഹബ് എന്നറിയപ്പെടുന്ന പുതിയ സെന്ററിന്റെ ചുരുക്ക പേര് കടൽ മത്സ്യത്തെ സൂചിപ്പിക്കും വിധം സീഫിഷ് എന്നാണ്. കുസാറ്റിന്റെ എറണാകുളം ലേക്ക്സൈഡ് ക്യാമ്പസിലുള്ള സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലാണ് 'സീഫിഷ്' സ്ഥാപിക്കുന്നത്. സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിനുവേണ്ടി നബാർഡ് 25 ലക്ഷംരൂപയും, കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാല 2.7 ലക്ഷംരൂപയും നല്കും.

മത്സ്യത്തൊഴിലാളികൾ, മത്സ്യകർഷകർ, വനിതാകൂട്ടായ്മകൾ, അഭ്യസ്ത വിദ്യരായ തൊഴിൽരഹിതർ, പിന്നോക്കവിഭാഗക്കാർ, വിദ്യാർത്ഥിസമൂഹം എന്നിവർക്ക് സ്വയംസംരംഭകത്വം കണ്ടെത്തുന്നതിന് വേണ്ടിയുള്ള നൈപുണ്യ വികസനപരിശീലനപരിപാടികൾ സംഘടിപ്പിക്കുക എന്നതാണ് സെന്ററിന്റെ ലക്ഷ്യമെന്ന് സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലെ അധ്യാപകനും സെന്ററിന്റെ ഡയറക്ടറുമായ ഡോക്ടർ ജിൻസൺ ജോസഫ് പറഞ്ഞു. മത്സ്യസംസ്കരണ മേഖലയിലെയും, ഭക്ഷ്യസുരക്ഷയിലെയും നൂതനവിദ്യകളുടെ പരിശീലനങ്ങൾവഴി മത്സ്യകയറ്റുമതി മേഖലയെ ശാക്തീകരിക്കാനും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സെൻറർ ഓഫ് എക്സലൻസ് ഫോർ ഫുഡ് ഇന്നോവേഷൻസ് ആൻഡ് സ്റ്റാർട്ടപ്പ് ഹബിലൂടെ സാധിക്കും.



**എറണാകുളം ശിവക്ഷേത്രോത്സവത്തോടനുബന്ധിച്ചുള്ള എറണാകുളത്തപ്പൻ പുരസ്കാരം സമർപ്പണ സമ്മേളനം മന്ത്രി പി. രാജീവ് നിർവഹിക്കുന്നു, ആർ കെ ദാമോദരൻ, ദിവസം മെമ്പർ എം.പി മുരളീധരൻ, എംഎൽഎ ടി .ജെ. വിനോദ്, ദേവസ്വം ഓഫീസർ അഖിൽ ദാമോദരൻ, പി.ആർ.റെനീഷ്, ഡോ. എം വേണുഗോപാൽ തുടങ്ങിയവർ സമീപം**

# എറണാകുളത്തപ്പൻ പുരസ്കാര വിതരണവും പ്രഥമ വൈദ്യനാഥ പുരസ്കാരവും സമർപ്പിച്ചു

**കൊച്ചി:** എറണാകുളത്തപ്പൻ പുരസ്കാര വിതരണവും പ്രഥമ വൈദ്യനാഥ പുരസ്കാരവും സമർപ്പിച്ചു. ദേവസ്വം ബോർഡ് മെമ്പർ എം ബി മുരളീധരന്റെ അധ്യക്ഷതയിൽ ക്ഷേത്രാങ്കണത്തിൽ ചേർന്ന യോഗത്തിൽ മന്ത്രി പി. രാജീവ്. സമ്മേളനം ഉദ്ഘാടനം ചെയ്തു എറണാകുളത്തപ്പൻ പുരസ്കാരം കവിയും, സിനിമ ഗാന രചയിതാവുമായആർ കെ ദാമോദരനും, പ്രഥമ വൈദ്യനാഥ പുരസ്കാര ജേതാവായ ഡോ. എം വേണുഗോപാലിനും നൽകി ആദരിച്ചു, കൊച്ചിൻ കോർപ്പറേഷൻ വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ റെനീഷ്. പി. ആർ., എംഎൽഎ ടി ജെ വിനോദ്, കൊച്ചിൻ ദേവസ്വം ബോർഡ് മെമ്പർ പ്രേംരാജ് ചുണ്ടാലത്ത്, കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണർ ഉദയകുമാർ എസ് ആർ എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തി, പുരസ്കാര ജേതാക്കളായ ആർ കെ ദാമോദരൻ, ഡോ. എം വേണുഗോപാൽ. മറുപടി പ്രസംഗം ദേവസ്വം ഓഫീസർ അഖിൽ ദാമോദരൻ നന്ദിയും പറഞ്ഞു



# മഞ്ചേരി മെഡിക്കൽ കോളേജിന് ദേശീയ മുസ്കാൻ അംഗീകാരം

**മലപ്പുറം:** മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന് ദേശീയ മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 93 ശതമാനം സ്കോറോടെയാണ് മുസ്കാൻ സർട്ടിഫിക്കേഷൻ നേടിയെടുത്തത്. ഇതോടെ സംസ്ഥാനത്തെ 3 ആശുപത്രികൾക്ക് മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജ് ഐ.എം.സി.എച്ച്., വയനാട് മാനന്തവാടി മെഡിക്കൽ കോളേജ് എന്നീ ആശുപത്രികൾ മുസ്കാൻ സർട്ടിഫിക്കേഷൻ കഴിഞ്ഞ വർഷം നേടിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമുള്ള സേവനങ്ങൾ ഉറപ്പാക്കുന്നതിന് വലിയ പരിശ്രമമാണ് നടത്തുന്നത്. സംസ്ഥാനത്ത് ആകെ 200 ആശുപത്രികൾ ദേശീയ ഗുണനിലവാര അംഗീകാരമായ എൻ.ക്യു.എ.എസ്. നേടി. ഇത് കൂടാതെ പ്രസവം നടക്കുന്ന ആശുപത്രികളെ ദേശീയ ലക്ഷ്യ സ്റ്റാന്റേഡിലേക്ക് ഉയർത്തി വരുന്നു. 12 ആശുപത്രികൾക്കാണ് ദേശീയ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചത്. കൂടുതൽ ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്താനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്നും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്തെ ആശുപത്രികളെ മാതൃശിശു സൗഹൃദമാക്കാനായി വലിയ പ്രവർത്തനങ്ങളാണ് നടത്തുന്നത്. മഞ്ചേരി മെഡിക്കൽ കോളേജിൽ മാതൃശിശു പരിചരണത്തിനായി നടത്തിയ ഇടപെടലുകൾക്കുള്ള അംഗീകാരമാണ് മുസ്കാൻ സർട്ടിഫിക്കേഷൻ. 2.66 കോടി രൂപ ചെലവഴിച്ച് 8 കിടക്കകളുള്ള പീഡിയാട്രിക് എച്ച്.ഡി.യു., 4 കിടക്കകളുള്ള പീഡിയാട്രിക് ഐ.സി.യു., ഓക്സിജൻ സൗകര്യങ്ങളോട് കൂടിയ 30 കിടക്കകളുള്ള പീഡിയാട്രിക് വാർഡ്, അത്യാധുനിക ഉപകരണങ്ങൾ തുടങ്ങിയ സംവിധാനങ്ങളൊരുക്കി. ജില്ലയിലെ സർക്കാർ മേഖലയിലെ ഏക സിക്ക് ന്യൂബോൺ കെയർ യൂണിറ്റാണ് (എസ്.എൻ.സി.യു.) മഞ്ചേരി മെഡിക്കൽ കോളേജിലുള്ളത്. ഈ തീവ്രപരിചരണ യൂണിറ്റിലേക്കായി 10 സ്റ്റാഫ് നഴ്സിനെ പ്രത്യേക പരിശീലനം നൽകി നിയമിച്ചു. മാസം തികയാതെ ഉൾപ്പെടെ ജനിക്കുന്ന അനേകം കുഞ്ഞുങ്ങളെ രക്ഷിച്ചെടുക്കാൻ ഈ തീവ്ര പരിചരണ സംവിധാനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്.

നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിനും ജനനം മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശു സൗഹൃദ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് മുസ്കാൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ശാരീരികവും മാനസികവും സാമൂഹികവുമായ വികസനം ഉൾപ്പെടെ കുട്ടികളുടെ വളർച്ചയുടെയും വികാസത്തിന്റെയും എല്ലാ സുപ്രധാന വശങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു. നവജാത ശിശു തീവ്ര പരിചരണ യൂണിറ്റുകൾ, പ്രസവാനന്തര വാർഡുകൾ, പീഡിയാട്രിക് ഒപിഡികൾ, എന്നീ വിഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

# ഇൻക്ലൂസീവ് വ്യവസായവത്കരണമാണ് സർക്കാരിൻറെ അജണ്ട പി രാജീവ്

**കൊച്ചി:** എല്ലാവരെയും ഉൾക്കൊള്ളുന്ന (ഇൻക്ലൂസീവ്) വ്യവസായവത്കരമാണ് കേരളം മുന്നോട്ട് വയ്ക്കുന്നതെന്ന് വ്യവസായ നിയമകയർ മന്ത്രി പി രാജീവ് പറഞ്ഞു. കെഎസ്ഐഡിസിയുടെ സഹകരണത്തോടെ സിഐഐ കേരള ഘടകം സംഘടിപ്പിച്ച അസെൻറ് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ മൂന്ന് നഗരമേഖലകൾ കേന്ദ്രീകരിച്ച് മാത്രം വ്യവസായം വന്നിരുന്ന കാലം കഴിഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞു. വയനാട്, കാസർകോഡ്, ഇടുക്കി തുടങ്ങിയ ജില്ലകളിൽ പോലും വ്യവസായപാർക്കുകളിലൂടെ കോടിക്കണക്കിന് രൂപയുടെ നിക്ഷേപമാണ് വന്നിരിക്കുന്നത്. നാനോ, സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളാണ് കേരളത്തിൻറെ നട്ടെല്ല്. വ്യവസായമേഖലയെ ഉത്തേജിപ്പിക്കാനുള്ള നിയമനിർമ്മാണങ്ങൾ, ഭേദഗതികൾ, കാമ്പസ് വ്യവസായപാർക്കുകൾ പോലുള്ള പുതിയ ഉദ്യമങ്ങൾ എന്നിവ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളാനുള്ള പരിശ്രമത്തിൻറെ ഭാഗമാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

സംരംഭ വർഷത്തോടനുബന്ധിച്ച് കേരളത്തിൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ആരംഭിച്ച മൂന്നരലക്ഷം സംരംഭങ്ങളിൽ നാൽപത് ശതമാനം വനിതാ ഉടമസ്ഥരാണെന്നത് അഭിമാനാർഹമായ നേട്ടമാണെന്ന് മന്ത്രി പറഞ്ഞു.

സംരംഭക സൗഹൃദത്തിൽ കേരളം ഏറ്റവും മികച്ചതാണെന്നത് സ്വന്തം അനുഭവമാണെന്ന് ചടങ്ങിൽ സംസാരിച്ച വിവിധ സംരംഭകർ ചൂണ്ടിക്കാട്ടി. മറ്റ് സംസ്ഥാനങ്ങളിലെ യൂണിറ്റുകൾ അവസാനിപ്പിച്ച് കേരളത്തിൽ ഉത്പാദനയൂണിറ്റ് ആരംഭിച്ച അനുഭവമടക്കം അവർ പങ്കുവച്ചു. കേരളത്തിൻറെ സംരംഭക സൗഹൃദ പരിപാടികൾ രാജ്യത്തിൻറെ മറ്റ് ഭാഗങ്ങളിലുള്ള വ്യവസായസമൂഹത്തിലേക്ക് പ്രചരിപ്പിക്കാൻ സിഐഐ പോലുള്ള സംഘടനകൾ ശ്രമിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി ചെയർമാൻ ബാലഗോപാൽ ചന്ദ്രശേഖർ, എം ഡി എസ് ഹരികിഷോർ, കിൻഫ്ര എം ഡി സന്തോഷ് കോശി തോമസ്, സിഐഐ വൈസ് ചെയർപേഴ്സണും ഫെഡറൽ ബാങ്കിൻറെ എക്സിക്യൂട്ടീവ് ഡയറക്ടറും റിടെയിൽ ബിസിനസ് ഹെഡുമായ ശാലിനി വാര്യർ, സിഐഐ കേരള ചെയർമാനും മഞ്ഞിലാസ് ഫുഡ് ടെക്കിൻറെ ഉടമയുമായ വിനോദ് മഞ്ഞില തുടങ്ങിയവർ സംബന്ധിച്ചു.

ഹൈക്കോൺ ഇന്ത്യ ലിമിറ്റഡ് സിഎംഡി ക്രിസ്റ്റോ ജോർജ്ജ്, നവാൾട്ട് സോളാർ ആൻഡ് ഇലക്ട്രിക് ബോട്ട്സിൻറെ ഡയറക്ടർ സന്ദിത് അറുമുഖൻ തണ്ടാശേരി, ഏസ് വെയർ ഫിൻടെക് സർവീസസ് എം ഡി നിമിഷാ ജെ വടക്കൻ, സോൾവ് പ്ലാസ്റ്റിക് പ്രൊഡക്ട്സ് എംഡി സുധീർ കുമാർ, ട്രാൻസ്മിയോ സ്ഥാപകൻ സാഹിൽ സണ്ണി എന്നിവർ സ്വന്തം സംരംഭക വിജയകഥ പങ്ക് വച്ചു.

നർച്ചേർഡ് കേരള പേവിംഗ് ദി വേ ഫോർ ഗ്ലോബൽ ലെഗസി എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ ഈസ്റ്റേൺ ട്രെഡ്സ് ചെയർമാൻ നവാസ് മീരാൻ, വികെസി ഫുട്ഗിയർ സിഎംഡി വി കെ സി റസാഖ്, വിട്ടൽ കാഷ്യൂവിൻറെ എംഡി സന്തോഷ് കാമത്ത്, സിന്തൈറ്റ് ഗ്രൂപ്പ് എംഡി അജു ജേക്കബ്, പി കെ സ്റ്റീൽ കാസ്റ്റിംഗ്സ് ജോയിൻറ് എംഡി കെ ഇ ഷാനവാസ് എന്നിവർ പങ്കെടുത്തു.

# സെൻസർ ഗവേഷണത്തിന് പണത്തിൻറെ അഭാവം തടസ്സമാകില്ല;സുനിത വർമ്മ

**കൊച്ചി:** സെൻസർ, സെമികണ്ടക്ടറുകൾ, ആക്ചുവേറ്റേഴ്സ് തുടങ്ങിയ മേഖലകളിലെ ഗവേഷണങ്ങൾക്ക് ധനസഹായത്തിൻറ കുറവ് തടസ്സമാകില്ലെന്ന് കേന്ദ്ര ഇലക്ട്രോണിക്സ്ഐടി വകുപ്പ് കോഓർഡിനേറ്റർ സുനിത വർമ്മ പറഞ്ഞു. ഇൻഫോപാർക്കിൽ നടന്ന സെൻസേഴ്സ് ആൻഡ് ആക്ചുവേറ്റേഴ്സ് അന്താരാഷ്ട്ര സമ്മേളനത്തിലെ സമാപനദിനത്തിലെ വർക്ക് ഷോപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കിടയിൽ ഇലക്ട്രോണിക്സ് ഉപകരണഭാഗങ്ങളുടെ നിർമ്മാണത്തിൽ രാജ്യം ഏറെ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്ന് സുനിത വർമ്മ ചൂണ്ടിക്കാട്ടി. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സെൻസറുകൾ, സെമികണ്ടക്ടറുകൾ എന്നിവയുടെ നിർമ്മാണത്തിലാണ്. ഇത്തരം മേഖലകളിലെ ഗവേഷണത്തിന് ധനസഹായം കേന്ദ്രസർക്കാർ ഉറപ്പുവരുത്തുമെന്ന് അവർ പറഞ്ഞു. നിലവിൽ വിവിധ ഗവേഷണങ്ങൾക്ക് ധനസഹായം നൽകുന്നുണ്ടെന്നും അവർ വ്യക്തമാക്കി.




സെൻസറുകൾ വികസിപ്പിച്ചെടുക്കാൻ മാത്രമല്ല ഒരു പടി കൂടി കടന്ന ഇവ ഉപയോഗിച്ചുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്യണം. ഇലക്ട്രോണിക് രംഗത്ത് മാത്രമല്ല, സാധാരണക്കാരൻറെ ദൈനംദിന ജീവിതത്തിൽ സാർഥകമായ മാറ്റം വരുത്താൻ സാധിക്കുന്ന സെൻസറുകളുടെ വികസനവും വേണം. കാർഷികരംഗം, അന്തരീക്ഷ മലിനീകരണം, മണ്ണ് പരീക്ഷണം തുടങ്ങിയ മേഖലകളിൽ സെൻസർ സാങ്കേതികവിദ്യയുടെ സാധ്യത ഫലപ്രദമായി ഉപയോഗിക്കാനാകണമെന്നും സുനിത വർമ്മ പറഞ്ഞു.

സിമെറ്റ് തൃശൂർ സെൻറർ ഹെഡ് ഡോ. എസ് രാജേഷ് കുമാർ, ഡോ. എ സീമ, ഐഐഐടിഎംകെ ഡയറക്ടർ പ്രൊഫ. അലക്സ് ജെയിംസ്, ഐഐടി മികവിൻറെ കേന്ദ്രം സിഇഒ റിജിൻ ജോൺ, ഇലക്ട്രോണിക് ഇൻഡസ്ട്രീസ് അസോസിയേഷൻ ഓഫ് ഇന്ത്യ(എൽസിന) ഡെപ്യൂട്ടി ഡയറക്ടർ സന്ദീപ് സക്സേനതുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

സെൻസറുകൾ, ആക്ചവേറ്ററുകൾ എന്നീ മേഖലകളെ സംബന്ധിക്കുന്ന വിവിധ ശാസ്ത്ര ശാഖകളിൽ നിന്നുള്ള വിദഗ്ധർ അവതരണങ്ങൾ നടത്തി. സെൻസറുകളുടെയും, ആക്ചവേറ്ററുകളുടെയും ഭാവി എന്ന വിഷയത്തിൽ പാനൽ ചർച്ചയും നടന്നു.

പാലക്കാട് ഐഐടിയിലെ പ്രൊഫസർമാരായ സുശാഭൻ സാധുകൻ, മിൻറു പരോൾ, കർണാടക കേന്ദ്ര സർവകലാശാലയിലെ ഡോ. രാജീവ് ജോഷി, അലിഗഢ് സർവകലാശാലയിലെ ഡോ. ഇമാനുദ്ദീൻ, ലിംകോപിംഗ് സർവകലാശാലയിലെ ഡോ. ജോസ് ഗബ്രിയേൽ മാർട്ടിനെസ്, പ്രൊഫ. എഡ്വിൻ ജാഗർ, ഐഐഐടിഎംകെ യിലെ ഡോ. ജോസ് ജോസഫ്, ടാറ്റാ സ്റ്റീലിൻറെ ഡോ. ശ്യാം ചൗധരി, എസ്എഫ്ഒ ടെക്നോളജീസ് ഡയറക്ടർ രാമസ്വാമി നാരായണൻ, സിമെറ്റ് തൃശൂരിലെ ഡോ. ഭാഗ്യശ്രീ ബി, തിരുവനന്തപുരത്തെ ഐഐഎസ്ഇആറിലെ ഡോ. വിനായക് വി കാംബ്ലെ, പി എക്യുഎസ് എംഡി വൈദ്യനാഥൻ, ഒഇഎൻ എംഡി പമേല അന്ന മാത്യു, കാലിക്കറ്റ് സർകലാശാലയിലെ പ്രൊഫ. ഷഹീൻ ടി തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കേന്ദ്ര ബജറ്റ് രാജ്യത്തിന്റെ വികസനം ലക്ഷ്യം വെച്ചുള്ളത്: സി.ഐ.ഐ

**കൊച്ചി:** ധനമന്ത്രി നിർമ്മല സീതാരാമൻ അവതരിപ്പിച്ച കേന്ദ്ര ബജറ്റ് പ്രതീക്ഷ നൽകുന്നതും രാജ്യത്തിന്റെ വികസനം ലക്ഷ്യം വെച്ചതാണെന്ന് കേരളത്തിലെ വിവിധ വാണിജ്യ മേഖലകളിലെ പ്രധാനികളും നേതാക്കളും അഭിപ്രായപ്പെട്ടു. ബജറ്റുമായി ബന്ധപ്പെട്ടു കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി ഐ ഐ) കൊച്ചിയിൽ സംഘടിപ്പിച്ച മാധ്യമപ്രവർത്തകരുമായുള്ള സംവാദത്തിലാണ് ഇത് പറഞ്ഞത്. കൃഷി, എംഎസ്എംഇ, സ്റ്റാർട്ടപ്പുകൾ, നവീകരണം, നിക്ഷേപം തുടങ്ങിയ മേഖലകൾക്ക് ബജറ്റിൽ നൽകിയ പ്രാധാന്യം അവർ ചൂണ്ടിക്കാട്ടി.




വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയെ നയിക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ് ബജറ്റ് എന്ന് ചെയർമാൻ സിഐഐ കേരള സ്റ്റേറ്റ് കൗൺസിൽ & മഞ്ഞിലാസ് ഫുഡ് ടെക് പ്രൈവറ്റ് ലിമിറ്റഡ്, വിനോദ് മഞ്ഞില പറഞ്ഞു. കൃഷി, മധ്യവർഗം, കയറ്റുമതി, സ്റ്റാർട്ടപ്പുകൾ, ബിസിനസ് ചെയ്യുന്നതിനുള്ള എളുപ്പം എന്നിവയുൾപ്പെടെ സമ്പദ്യവസ്ഥയുടെ വൈവിധ്യമാർന്ന മേഖലകളെ ഉൾക്കൊണ്ട് കൊണ്ടുള്ള വളരെ പോസിറ്റീവ് ബജറ്റാണിതെന്ന് അദ്ദേഹം പറഞ്ഞു.

സാമ്പത്തിക ജാഗ്രത മുൻനിർത്തി വളർച്ചയെ ലക്ഷ്യം വച്ചുള്ള ഒരു ബജറ്റാണ് ധനമന്ത്രി അവതരിപ്പിച്ചിരിക്കുന്നതെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടറും സിഐഐ കേരള സ്റ്റേറ്റ് കൗൺസിൽ വൈസ് ചെയർപേഴ്സണുമായ ശാലിനി വാരിയർ പറഞ്ഞു. ധനക്കമ്മി 5 ശതമാനത്തിൽ താഴെ നിലനിർത്തുന്നത് അഭിനന്ദനീയമാണ്. മൊത്തത്തിൽ ഇത് വളരെ പോസിറ്റീവ് ബജറ്റാണ്. കൃഷി, കയറ്റുമതി തുടങ്ങിയ മേഖലകളിലെ നിരവധി നിർദ്ദേശങ്ങൾ പ്രയോജനപ്പെടുത്താൻ കേരളത്തിന് കഴിയുമെന്നും വാരിയർ പറഞ്ഞു. ഇൻഷുറൻസ് മേഖലയിലെ എഫ്ഡിഐ പരിധി 75 ൽ നിന്ന് 100 ശതമാനമായി ഉയർത്താനുള്ള തീരുമാനം നല്ലതാണ്. ടിഡിഎസും ടിസിഎസും യുക്തിസഹമാക്കുന്നതിനുള്ള നടപടികളും സ്വാഗതാർഹമാണെന്ന് അവർ അഭിപ്രായപ്പെട്ടു.

കേരളത്തിന് സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്ന അവസരങ്ങൾ ബജറ്റിൽ ഉണ്ട്. എംഎസ്എംഇ, കൃഷി, മൂല്യവർദ്ധിത കയറ്റുമതി, നിക്ഷേപം തുടങ്ങിയ മേഖലകളിൽ നടത്തിയ പ്രഖ്യാപനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ സംസ്ഥാനം കണ്ടെത്തേണ്ടതുണ്ടെന്ന് സി.ഐ.ഐ മുൻ കേരള ചെയർമാനും സ്റ്റെർലിംഗ് ഫാം റിസർച്ച് & സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ശിവദാസ് ബി മേനോൻ പറഞ്ഞു.

നിക്ഷേപ പരിധി വർദ്ധിപ്പിച്ചതു വഴി എംഎസ്എംഇ മേഖലയ്ക്കുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ബിപ ഡ്രഗ് ലബോറട്ടറീസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അജയ് ജോർജ് വർഗീസ് സംസാരിച്ചു. സ്റ്റാർട്ടപ്പുകൾക്ക് പ്രഖ്യാപിച്ച ഇളവുകൾ കേരളത്തിനും വലിയ തോതിൽ ഗുണം ചെയ്യും. ഹോംസ്റ്റേകൾക്ക് അനുവദിച്ച മുദ്ര വായ്പകൾ കേരളത്തിന് മികച്ച നേട്ടങ്ങൾ നൽകും. രണ്ടാം നിര നഗരങ്ങളിൽ ആസൂത്രണം ചെയ്തിരിക്കുന്ന ആഗോള ശേഷി കേന്ദ്രങ്ങൾ പ്രയോജനപ്പെടുത്താൻ തിരുവനന്തപുരം, കൊച്ചി തുടങ്ങിയ നഗരങ്ങൾക്ക് കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

36 ജീവൻ രക്ഷാ മരുന്നുകൾ കസ്റ്റംസ് തീരുവയിൽ നിന്ന് ഒഴിവാക്കാനുള്ള തീരുമാനം രാജ്യത്തെ ആരോഗ്യ സംരക്ഷണ മേഖലയ്ക്ക് ഉത്തേജനം നൽകുമെന്ന് മെഡിവിഷൻ സ്കാൻ ആൻഡ് ഡയഗ്നോസ്റ്റിക് സെന്റർ ഡയറക്ടർ ബെർലി സിറിയക് നെല്ലുവേലിൽ പറഞ്ഞു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ മെഡിക്കൽ വിദ്യാഭ്യാസ സീറ്റുകൾ 75,000 കൂടി വർദ്ധിപ്പിക്കാനുള്ള തീരുമാനമാണ് ബജറ്റിലെ മറ്റൊരു പ്രധാന ചുവടുവയ്പ്പെന്ന് അദ്ദേഹം പറഞ്ഞു.

ടൂറിസം, ആരോഗ്യ സംരക്ഷണ മേഖലകളിൽ പ്രഖ്യാപിച്ച നടപടികൾ ആയുർവേദ മേഖലയ്ക്ക് ഗുണകരമാകുമെന്ന് വൈദ്യരത്നം ഔഷധശാല ഡയറക്ടർ യദു നാരായണൻ മൂസ് പറഞ്ഞു. മെഡിക്കൽ ടൂറിസത്തിലെ വിസ ഫീസിൽ ഇളവുകൾ നൽകാനുള്ള തീരുമാനം കേരളത്തിലെ ആയുർവേദ മേഖലയ്ക്കും മെഡിക്കൽ മൂല്യ ടൂറിസത്തിനും ഗുണം ചെയ്യും.

ബജറ്റ് നിർദ്ദേശങ്ങൾ ഇന്ത്യയിലെ സമ്പദ്യവസ്ഥയ്ക്കുണ്ടാകുന്ന മൊത്തത്തിലുള്ള ഉത്തേജനം കേരളത്തിലെ തോട്ടം മേഖലയ്ക്ക് ഗുണം ചെയ്യുമെന്ന് ഹാരിസൺസ് മലയാളം ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് സന്തോഷ് കുമാർ പറഞ്ഞു.

നികുതിദായകരുടെ കൈകളിൽ ഏകദേശം 1 ലക്ഷം കോടി രൂപയുടെ ഡിസ്പോസിബിൾ വരുമാനം എത്തിക്കാൻ സാധ്യതയുള്ള നികുതി നിർദ്ദേശം ഉപഭോഗത്തിന് ഉത്തേജനം നൽകുമെന്ന് വർമ്മ & വർമ്മയിലെ ചാർട്ടേഡ് അക്കൗണ്ടന്റ് വിവേക് കൃഷ്ണ ഗോവിന്ദ് പറഞ്ഞു.

ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാർട്ടപ്പ് മേഖലയ്ക്ക് വലിയ ഉത്തേജനം നൽകുന്നതാണെന്ന് ഏസ്വെയർ ഫിൻടെക് സ്റ്റാർട്ടപ്പ് മാനേജിംഗ് ഡയറക്ടർ നിമിഷ ജെ വടക്കൻ പറഞ്ഞു. 10,000 കോടി രൂപയുടെ പുതിയ കോർപ്പസ് ഫണ്ട്, ഡീപ് ടെക് ഫണ്ട്, സ്റ്റാർട്ടപ്പുകൾക്കായി അഞ്ച് വർഷത്തെ ഇൻകോർപ്പറേഷൻ കാലയളവ് എന്നിവയാണ് ഈ മേഖലയെ സഹായിക്കുന്നതിനുള്ള മൂന്ന് പ്രധാന നടപടികളെന്നും അവർ പറഞ്ഞു.

കാർഷിക മേഖലയ്ക്ക് നൽകുന്ന പ്രാധാന്യം സുസ്ഥിര വളർച്ചയ്ക്കും സമൃദ്ധിക്കും സഹായിക്കുമെന്ന് ഇസാഫ് ബാങ്ക് വൈസ് പ്രസിഡന്റ് റെജി ഡാനിയേൽ കോശി പറഞ്ഞു.

കാൻസർ രോഗികൾ ഉപയോഗിക്കുന്ന 36 ജീവൻ രക്ഷാ മരുന്നുകൾ കസ്റ്റംസ് തീരുവയിൽ നിന്ന് ഒഴിവാക്കാനുള്ള തീരുമാനത്തെ ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സിഇഒ ഡോ. നളന്ദ ജയ്ദേവ് സ്വാഗതം ചെയ്തു. രാജ്യത്തെ എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ രോഗികൾക്കായി ഡേ കെയർ സെന്ററുകൾ തുറക്കാനുള്ള തീരുമാനവും ശ്ലാഘനീയമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

# ഏഷ്യ, ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടി സമ്മിറ്റ് ഓഫ് ഫ്യൂച്ചർ 2025

**കൊച്ചി:** ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ (എസ്ഡിജി) അഭിസംബോധന ചെയ്യുന്ന വിദഗ്ധരുടെ ഏറ്റവും വലിയ ഒത്തുചേരലിന് ആതിഥേയത്വം വഹിച്ചതിന് ജെയിൻ (ഡീംഡ്ടുബി) യൂണിവേഴ്സിറ്റി സംഘടിപ്പിച്ച സമ്മിറ്റ് ഓഫ് ഫ്യൂച്ചർ 2025, ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിലും ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിലും ഇടം നേടി.




ആഗോളതലത്തിൽ പ്രശസ്തരായ ചിന്തകരുടെയും, സംരംഭകരുടെയും നയരൂപീകർത്താക്കളുടെയും പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ സമ്മിറ്റ് സുസ്ഥിര പുരോഗതി കൈവരിക്കുന്നതിലേക്കുള്ള യാത്രയിലെ ഒരു നാഴികക്കല്ലായി മാറി. ജെയിൻ യൂണിവേഴ്സിറ്റി കൊച്ചി കാമ്പസിലെ സമ്മിറ്റ് വേദിയിൽ നടന്ന ചടങ്ങിൽ ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സ് അഡ്ജുഡിക്കേറ്റർ ഹരീഷ് ആർ ഔദ്യോഗിക അംഗീകാര സർട്ടിഫിക്കറ്റ് സമ്മാനിച്ചു.

ജനുവരി 25ന് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്ത സമ്മിറ്റിൽ ഫ്യൂച്ചർ എഡ്യൂക്കേഷൻ, ഫ്യൂച്ചർ ടെക്നോളജി, ഫ്യൂച്ചർ എർത്ത്, ഫ്യൂച്ചർ ക്രിയേറ്റീവ്, ഓൺട്ടർപ്രിണർഷിപ്പ് ആൻഡ് ഇന്നൊവേഷൻ, ഫ്യൂച്ചർ ഗ്രീൻ, കൾച്ചറൽ ഫെസ്റ്റിവൽ എന്നിങ്ങനെ ഏഴ് തീമാറ്റിക് ട്രാക്കുകൾ ഉൾപ്പെടുത്തിയിരുന്നു. വിദ്യാഭ്യാസം, സാങ്കേതികവിദ്യ, പരിസ്ഥിതി, പുനരുപയോഗ ഊർജ്ജം, സൃഷ്ടിപരമായ കലകൾ, രാഷ്ട്രീയം, കൃഷി തുടങ്ങിയ മേഖലകളിലെ അറിവ് പങ്കിടലിനും സഹകരണത്തിനും ഈ ട്രാക്കുകൾ സഹായകമായി.

കൊച്ചി ഇൻഫോപാർക്കിലെ ജെയിൻ യൂണിവേഴ്സിറ്റി കൊച്ചി കാമ്പസിലും കിൻഫ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലുമായി നടന്ന സമ്മിറ്റിൽ വിദഗ്ധർ നയിച്ച സെഷനുകൾ, മാസ്റ്റർ ക്ലാസുകൾ, വർക്ക്ഷോപ്പുകൾ എന്നിവയ്ക്ക് പുറമെ റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നൂതന സാങ്കേതികവിദ്യകൾ എന്നിവയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ അവതരിപ്പിച്ച എക്സ്പോകളും ശ്രദ്ധേയമായി. റോബോട്ടിക്സ്, എഐ, ഗ്രീൻ ടെക്നോളജികൾ എന്നിവയിലെ വിപ്ലവകരമായ കണ്ടുപിടുത്തങ്ങൾ ഇവിടെ പ്രദർശനത്തനുണ്ടായിരുന്നു.

ഏറ്റവും കൂടുതൽ വിദഗ്ധരെ ഒരുമിച്ച് കൊണ്ടുവന്നതിന് റെക്കോർഡ് കരസ്ഥമാക്കിയ സമ്മിറ്റ് വൻ ജനപങ്കാളിത്തംകൊണ്ടും ശ്രദ്ധ നേടി. വിവിധ സെഷനുകളിലും ചർച്ചകളിലും പ്രദർശനങ്ങളിലുമായി 100,000ത്തിലധികം പേർ പങ്കെടുത്തു.

വിജ്ഞാനവും നൂതനാശയങ്ങളും സുസ്ഥിരതയും പ്രോത്സാഹിപ്പിക്കുന്നതിൽ ജെയിൻ യൂണിവേഴ്സിറ്റിക്കുള്ള പ്രതിബദ്ധതയുടെ തെളിവാണ് ഈ അംഗീകാരമെന്ന് ജെയിൻ (ഡീംഡ്ടുബി) സർവകലാശാലയിലെ ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ടോം ജോസഫ് പറഞ്ഞു.

നമ്മുടെ ഗ്രഹത്തിന്റെ ഭാവിയെക്കുറിച്ച് ചർച്ച ചെയ്യാൻ ഇത്രയും അധികം വിദഗ്ധരെ ഒരുമിച്ച് കൊണ്ടുവരിക എന്നത് ഒരു അക്കാദമിക വ്യായാമം മാത്രമല്ല, ഒരു ആവശ്യകതയുമായിരുന്നു. അർത്ഥവത്തായ സംഭാഷണത്തിന് പ്രചോദനം നൽകുകയും മൂർത്തമായ മാറ്റത്തിന് വഴിയൊരുക്കുകയും ചെയ്യുന്ന ഒരു വേദി സൃഷ്ടിക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

## അമൃതയിൽ റെറ്റിന ബയോ ബാങ്ക് പ്രവർത്തനമാരംഭിച്ചു

**കൊച്ചി:** അമൃത ആശുപത്രിയിൽ റെറ്റിന ബയോ ബാങ്ക് പ്രവർത്തനസജ്ജമായി. ഇന്ത്യൻ റെറ്റിനൽ ഇമേജ് ബാങ്കിൻറെ ഉദ്ഘാടനം അമൃത വിശ്വ വിദ്യാപീഠം അസോസിയേറ്റ് ഡീൻ ഡോ. ഡി.എം. വാസുദേവൻ നിർവഹിച്ചു.

ക്ലിനിക്കൽ ഗവേഷണ പരിശീലന പദ്ധതികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി മെറ്റാറസ് ഓൺലൈൻ ട്രെയിനിംഗ് പ്ലാറ്റ്ഫോം അവതരിപ്പിച്ചു. വൈദ്യശാസ്ത്ര ഗവേഷണ പരിശീലനത്തിനായി ക്ലിനിക്കൽ ട്രയൽ നെറ്റ്വർക്കുമായി സഹകരിച്ച് ഗവേഷകർക്കായുള്ള ആദ്യത്തെ ഓൺലൈൻ ജിസിപി അക്രഡിറ്റേഷൻ പദ്ധതിക്കും സമ്മേളനത്തിൽ തുടക്കമായി.

## സമ്പാദ്യ പദ്ധതി: ജില്ലാ കളക്ടേഴ്സ് ട്രോഫി ഫെബ്രുവരി 12 ന് സമ്മാനിക്കും

**മലപ്പുറം:** വിദ്യാർത്ഥി സമ്പാദ്യ പദ്ധതിയിൽ (എസ്.എസ്.എസ്) 2023-24 ൽ മികച്ച നേട്ടം കൈവരിച്ച ജില്ലയിലെ സ്കൂളുകളെ ജില്ലാ കളക്ടേഴ്സ് ട്രോഫിയും അനുമോദനപത്രവും നൽകി ആദരിക്കും. ഫെബ്രുവരി 12 ന് രാവിലെ 10.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുന്ന ചടങ്ങിൽ ഏറ്റവും കൂടുതൽ തുക സമാഹരിച്ചതും ഏറ്റവും കൂടുതൽ വിദ്യാർഥികളെ സ്കീമിൽ ചേർത്തതുമായ സ്കൂളുകളെ ആദരിക്കും. വിദ്യാഭ്യാസ ഉപഡയറക്ടർ കെ.പി രമേഷ് കുമാർ, ജില്ലാ ട്രഷറി ഓഫീസർ എം.കെ സ്മിജ, ദേശീയ സമ്പാദ്യ പദ്ധതി ഡെപ്യൂട്ടി ഡയറക്ടർ എം ഉണ്ണികൃഷ്ണൻ, എൻ.എസ്.ഡി അസിസ്റ്റന്റ് ഡയറക്ടർ ജിതിൻ. കെ.ജോൺ, ജില്ലയിലെ വിവിധ എൻ.എസ്.ഡി ഏജൻസി യൂണിറ്റുകളുടെ പ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

## കെൽട്രോണിൽ ഓൺലൈൻ കോഴ്സുകൾ

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ കെൽട്രോണിൽ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫയർ ആന്റ് സേഫ്റ്റി (ഒരു വർഷം, യോഗ്യത എസ് എസ് എൽ സി) പ്രൊഫഷണൽ ഡിപ്ലോമ ഇൻ അഡ്വാൻസ്ഡ് മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ (ആറ് മാസം, യോഗ്യത പ്ലസ് ടു) ഓൺലൈൻ കോഴ്സുകളിലേക്കും ഡിപ്ലോമ ഇൻ ഡാറ്റാ സയൻസ് ആന്റ് ആർട്ടിഫിഷ്യൽ ഇന്റ്ലിജൻസ് (ആറ് മാസം യോഗ്യത പ്ലസ് ടു) ഓഫ് ലൈൻ കോഴ്സുകളിലേക്കും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി പാലക്കാട് മഞ്ഞക്കുളം റോഡിലുള്ള കെൽട്രോൺ സെന്റ്റിൽ നേരിട്ട് ഹാജരാകുക. ഫോൺ: 04912504599, 8590605273.

## മുഖാമുഖം

**കൊച്ചി:** കാഡ്കോ ലേബർ ഡേറ്റാ ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആർട്ടിസാൻമാർക്ക് ടൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് പരിജ്ഞാന പരിശോധന നടത്തും. രാം ഘട്ട മുഖാമുഖം ഫെബ്രുവരി 12ന് രാവിലെ 10ന്ഫോൺ: 9744497391, 0484 2539946, 0484 2539956.

## ദേശീയ ബധിര പതാക വാരത്തിന് തുടക്കം

**കൊച്ചി:** 78ാമത് ദേശീയ ബധിര പതാക വാരാചാരണത്തിന് ജില്ലയിൽ തുടക്കമായി. വാരാചാരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാ കളക്ടർ എൻ.എസ്.കെ.ഉമേഷ് നിർവ്വഹിച്ചു.ശ്രവണ പരിമിതിയുള്ളവരുടെ സർവ്വതോന്മുഖ ഉന്നമനം ലക്ഷ്യമാക്കി എല്ലാ വർഷവും ഫെബ്രുവരി ഒന്നു മുതൽ ഏഴ് വരെയാണ് ദേശീയ ബധിര പതാക വാരം ആചരിക്കുന്നത്.കളക്ടറുടെ ചേംബറിൽ സംഘടിപ്പിച്ച പരിപാടിയിൽ ഡെഫ് അസോസിയേഷൻ സംസ്ഥാന വൈസ് ചെയർമാൻ നിസാർ മൊയ്തീൻ, ജില്ലാ സെക്രട്ടറി പി.എ ഷംസുദ്ദീൻ, ട്രഷറർ എം.ജെ സ്കറിയ, വനിത സെക്രട്ടറി ലിനി ജോസ്, പ്രിൻസി മിനു, ഹസീന അയ്യൂബ് എന്നിവർ പങ്കെടുത്തു.

## താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം മഹാരാജാസ് ഒട്ടോണമസ് കോളേജിൽ പരീക്ഷ കൺട്രോളർ ഓഫീസിലേക്ക് കരാർ വേതന അടിസ്ഥാനത്തിൽ 179 ദിവസത്തേക്ക് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലേക്ക് താത്കാലികമായി ഉദ്യോഗാർഥികളെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ ഉ യോഗ്യത വിവരങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ഷീയ@ാമവമൃമഷമമ.മര.ശി ഇമെയിലിലേക്ക് അയക്കണം. അപേക്ഷ അയക്കേ അവസാന തീയതി ഫെബ്രുവരി ഏഴ്. അഭിമുഖം സംബന്ധിച്ച വിശദാംശങ്ങൾ ംംം.ാമവമൃമഷമമ.മര.ശി വെബ് സൈറ്റിൽ ഫെബ്രുവരി 10 ന് പ്രസിദ്ധീകരിക്കും.

## ബോട്ട് കീപ്പർനീന്തൽ പരീക്ഷ

**കൊച്ചി:** ബോട്ട് കീപ്പർ (എക്സ് സർവീസ്മെൻഡിസംബോഡിഡ് ടെറിട്ടോറിയൽ ആർമി പേഴ്സൺ) (കാറ്റഗറി നമ്പർ 311/2023) തെരഞ്ഞെടുപ്പിന്റെ ഭാഗമായി ഈ തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായുള്ള നീന്തൽ പരീക്ഷ ഫെബ്രുവരി അഞ്ചിന് രാവിലെ ഏഴു മുതൽ എം എ കോളേജ് കോതമംഗലത്ത് നടത്തും. അർഹരായ ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ നിന്നും നീന്തൽ പരീക്ഷയ്ക്ക് ഹാജരാക്കേ അഡ്മിഷൻ ടിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്/ഡിക്ലറേഷൻ, മറ്റ് നിർദ്ദേശങ്ങൾ എന്നിവ ഡൗൺലോഡ് ചെയ്തെടുത്ത് അസൽ തിരിച്ചറിയൽ രേഖ സഹിതം ഹാജരാകണം.

## കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി: തിയതി നീട്ടി

**കൊച്ചി:** സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്ക്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് പ്രതിവർഷം 1500/രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കുന്ന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ കെടാവിളക്ക് സ്കോളർഷിപ്പ് (2024-25) പദ്ധതിയ്ക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയതി 2025 ഫെബ്രുവരി മാസം 10 വരെ നീട്ടി. മുൻവർഷം വാർഷിക പരീക്ഷയിൽ 90% ഉം, അതിൽ കൂടുതൽ മാർക്കും, 2.50 ലക്ഷം രൂപ വരെ വാർഷിക വരുമാനം ഉള്ളവരെയുമാണ് പദ്ധതി പ്രകാരം പരിഗണിക്കുന്നത്. വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലർ (അപേക്ഷാ ഫോറം മാതൃക 2)
www.e-gratnz.kerala.gov.in.l www.bcdd.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ട്. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 0484 2983130

# ‘ഉറപ്പ് @ സ്ക്കൂൾ ‘: പ്രാഥമിക യോഗം ചേർന്നു



**ആലുവ:** വിദ്യാർത്ഥികൾക്കും വിദ്യാലയത്തിനും സുരക്ഷ ഉറപ്പ് വരുത്തുന്ന പദ്ധതിയുമായി റൂറൽ ജില്ലാ പോലീസ്. ‘ ഉറപ്പ് @ സ്ക്കൂൾ ‘ എന്ന പദ്ധതിയുടെ ഭാഗമായി ആലുവ സബ് ഡിവിഷനിലെ സ്കൂളുകളിൽ നിന്നുള്ള അധ്യാപക പ്രതിനിധികൾ, പ്രധാന അധ്യാപകർ, പി.ടി.എ ഭാരവാഹികൾ, മാനേജർമാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രാഥമിക യോഗം ആലുവ ജില്ലാ പോലീസ് ആസ്ഥാനത്ത് ജില്ലാ പോലീസ് മേധാവി ഡോ.വൈഭവ് സക്സേന ഉദ്ഘാടനം ചെയ്തു. സമൂഹത്തിലെ സകല തിന്മകളും പരിഹരിക്കാൻ നല്ല വിദ്യാഭ്യാസത്തിനും അറിവിനും സാധിക്കുമെന്ന് എസ്.പി പറഞ്ഞു.പ്രവർത്തനത്തിന്റെ ആദ്യപടിയായി അധ്യാപകരേയും, പി.ടി.എ ഭാരവാഹികളേയും, മാനേജർമാരേയും പോലീസ്’ ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഗ്രൂപ്പുകൾ രൂപീകരിക്കും. ഇതിലുടെ ബോധവൽക്കരണ പരിപാടികൾ നടത്തും.’ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് പ്രചരണം നടത്തും.: അധ്യാപകർക്ക് സ്ക്കുളുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അവതരിപ്പിക്കാം. ഇത് പ്രത്യേക ടീം 24 മണിക്കൂറും മോണിട്ടർ ചെയ്യും. പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരമുണ്ടാകും.മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ ’ അവബോധം സൃഷ്ടിക്കും. വിദഗ്ദർ ക്ലാസുകൾ ’ എടുക്കും. മയക്കുമരുന്നിന്റെ ഉപയോഗമോ, വിൽപ്പന യോ ശ്രദ്ധയിൽപ്പെട്ടാൽ ഗ്രൂപ്പുവഴിയോ, ഫോൺ മുഖാന്തിരമോ പോലീസിനെ ’ അറിയിക്കാം. വിദ്യാർത്ഥികൾക്ക് ഇതു സംബന്ധിച്ച് പരിശീലനം നൽകും. വിദ്യാലയങ്ങളുടെ പരിസരത്തെ വ്യാപാര സ്ഥാപനങ്ങൾ നിരീക്ഷണത്തിലായിരിക്കും. പരിസരങ്ങളിൽ സ്ഥിരമായി കാണുന്ന അപരിചിതരെക്കുറിച്ച് വിവരമറിയിക്കാം.പോക്സോ കേസുകളിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിലും അധ്യാപകരിലും ബോധ്യം സൃഷ്ടിക്കും.വിദ്യാർത്ഥികളിൽ ഗതാഗത ബോധവൽക്കരണം നടത്തും.സൈബർ മേഖലയിൽ കുട്ടികളെ സുരക്ഷിതമാക്കാനുള്ള നിർദ്ദേശങ്ങൾ എല്ലാവരിലും എത്തിക്കും. സൈബർ തട്ടിപ്പുകളെക്കുറിച്ച് വിദ്യാർത്ഥികളിൽ ബോധവൽക്കരണം നടത്തും. ഇത് ഇവരിലൂടെ രക്ഷകർത്താക്കളിലെത്തിക്കും. ഇതിലൂടെ ഒരു സമൂഹത്തെ തന്നെ രക്ഷപ്പെടുത്താൻ കഴിയും. പോലീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പദ്ധതികളെപ്പറ്റിയും വിദ്യാർത്ഥികൾക്ക് ക്ലാസ് നൽകും. ആധുനിക കാലത്ത് അധ്യാപകർ നേരിടുന്ന വെല്ലുവിളികളും ചർച്ചചെയ്യും. വരും ദിവസങ്ങളിൽ മറ്റ് സബ്ഡിവിഷനുകളിലും യോഗം നടക്കും. ആദ്യമായാണ് പോലീസ് സംവിധാനത്തിൽ ഇത്തരമൊരു പദ്ധതിക്ക് തുടക്കം കുറിക്കുന്നത്.

# കാൻസർ പ്രതിരോധത്തിന് ജനകീയ ക്യാമ്പയിനുമായി ആരോഗ്യ വകുപ്പ്

### ആസൂത്രണം ചെയ്തിരിക്കുന്നത് ഒരു വർഷത്തെ ക്യാംപയിൻ ആദ്യഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടി

**തിരുവനന്തപുരം:** കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യ വകുപ്പ് ജനകീയ കാൻസർ ക്യാമ്പയിൻ ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കാൻസർ നേരത്തെ കണ്ടെത്തുന്നതിന് സംസ്ഥാനം നടത്തുന്ന വലിയ ചുവടുവയ്പ്പാണിത്. സർക്കാർ, സ്വകാര്യ മേഖലകൾ സഹകരിച്ച് കൊണ്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. അതിന്റെ ആദ്യഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. ഈ കാലയളവിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, സെർവിക്കൽ കാൻസർ എന്നിവയ്ക്ക് സ്ക്രീനിംഗ് നടത്തി പരിശോധനയും ചികിത്സയും ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

നവകേരളം കർമ്മപദ്ധതി രണ്ട് ആർദ്രം മിഷന്റെ ഭാഗമായി ശൈലി ആപ്പ് വഴി ആരോഗ്യ വകുപ്പ് നടത്തിയ സ്ക്രീനിംഗിന്റെ ആദ്യഘട്ടത്തിൽ ഏകദേശം 9 ലക്ഷത്തോളം പേർക്ക് കാൻസർ രോഗ സാധ്യത ഉണ്ടെന്ന് കണ്ടെത്തിയിരുന്നു. ഈ 9 ലക്ഷം പേരിൽ 1.5 ലക്ഷം ആളുകൾ മാത്രമാണ് തുടർ പരിശോധനയ്ക്ക് സന്നദ്ധമായിരുന്നത്. അതായത് സ്ക്രീനിംഗിൽ പങ്കെടുത്ത 7.5 ലക്ഷം പേരും തുടർ പരിശോധനയ്ക്ക് സന്നദ്ധമാകുന്നില്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്.നിരവധി കാരണങ്ങളാൽ പല കാൻസർ രോഗികളും അവസാന സ്റ്റേജുകളിലാണ് ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തുന്നത്. അപ്പോഴേയ്ക്കും രോഗം ഗുരുതരമാകുകയും പലപ്പോഴും മരണമടയുകയും ചെയ്യുന്നു. പല കാൻസറുകളും വളരെ നേരത്തെ കണ്ടത്തി ചികിത്സ തേടിയാൽ ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും. ഇത് മുന്നിൽ കണ്ടാണ് സംസ്ഥാന ആരോഗ്യ വകുപ്പ് പൊതുജനപങ്കാളിത്തത്തോടെ കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ജനകീയ കാൻസർ ക്യാമ്പയിൻ ആരംഭിക്കുന്നതെന്നും മന്ത്രി പറഞ്ഞു.’ആരോഗ്യം ആനന്ദംഅകറ്റാം അർബുദം’ കാൻസർ ജനകീയ ക്യാമ്പയിന്റെ ലോഗോ പ്രകാശനം പത്തനംതിട്ടയിൽ കുടുംബശ്രീ പ്രവർത്തകരുടെ സാന്നിധ്യത്തിൽ മന്ത്രി വീണാ ജോർജ് നിർവഹിച്ചു. കെ.യു. ജനീഷ് കുമാർ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഇൻ ചാർജ് ബീനപ്രഭ, വള്ളിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. മോഹനൻ നായർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ. അനിതകുമാരി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ്. ശ്രീകുമാർ, കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ എസ്. ആദില എന്നിവർ പങ്കെടുത്തു.

# ക്ഷീരോദ്പാദനത്തിൽ സ്വയം പര്യാപ്തത സർക്കാർ ലക്ഷ്യം: മന്ത്രി ജെ. ചിഞ്ചുറാണി



**കൊച്ചി:** ക്ഷീര ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാരും മൃഗസംരക്ഷണ വകുപ്പും മുന്നോട്ടുപോകുന്നതെന്ന് മന്ത്രി ജെ. ചിഞ്ചുറാണി. ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ തിരുമാറാടി ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ തിരുമാറാടി ഗവർമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച എറണാകുളം ജില്ലാ സംഗമം 2024 -25 ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിനടുത്തെത്തിയപ്പോഴാണ് കാലാവസ്ഥാ വ്യതിയാനം പ്രതിസന്ധി സൃഷ്ടിച്ചത്. കടുത്ത ചൂടിനെ തുടർന്ന് കന്നുകാലികൾക്ക് ചർമ്മമുഴ ഉൾപ്പടെയുള്ള രോഗങ്ങൾ ബാധിച്ചു. വയനാട് ദുരന്തത്തിൽ നിരവധി കന്നുകാലികളെ നഷ്ടമായി. അവിടെ ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് പശുക്കളെ വാങ്ങി നൽകാനുള്ള സ്ഥിതിയിലേക്ക് നാമെത്തി. എം എസ് ഡി പി പദ്ധതി വഴി 20, 10, 5 വീതം പശുക്കളെ നൽകി വരുന്നു. ഒരേക്കറിൽ പുല്ല് വളർത്താൻ 16000 രൂപ സബ്സിഡി നൽകുന്ന പദ്ധതിയുണ്ട്. മരണപ്പെട്ട പശുക്കളുടെ ഉടമകൾക്ക് 37500 രൂപ ഇൻഷുറൻസ് നൽകുന്നതിനുള്ള പദ്ധതിയും നടപ്പാക്കുന്നു. കേരളത്തിലെ ക്ഷീര കർഷകർക്ക് ഈ ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാകാം. സർക്കാരിന്റെയും ക്ഷീര കർഷകരുടെയും വിഹിതം ഉൾപ്പെടുത്തിയാകും ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക. കൂടാതെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ക്ഷീര കർഷകർക്കായി സമഗ്ര ഇൻഷുറൻസ് പദ്ധതിക്ക് അനുമതി ലഭിക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ഇതിനായി കേന്ദ്രം ഒരു കോടി രൂപ മാറ്റി വെച്ചു. 52 കോടി രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. മൂന്നു വർഷത്തിനകം കേരളത്തിലെ മുഴുവൻ പശുക്കളെയും ഇൻഷ്വർ ചെയ്യാനുള്ള ഉത്തരവാദിത്തമാണ് സർക്കാർ ഏറ്റെടുത്തിരിക്കുന്നത്. കന്നുകുട്ടി പരിപാലനം, കിടാരി പാർക്കുകൾ, പലിശ രഹിത വായ്പ, വീട്ടുമുറ്റത്ത് സേവനം നൽകാനായി വെറ്ററിനറി ആംബുലൻസുകൾ എന്നീ പദ്ധതികളും സർക്കാർ നടപ്പാക്കിവരികയാണെന്നും മന്ത്രി പറഞ്ഞു.ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് അഡ്വ. സന്ധ്യാ മോൾ പ്രകാശ് അധ്യക്ഷത വഹിച്ചു. തിരുമാറാടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് എം എം ജോർജ് സ്വാഗതം ആശംസിച്ചു. ക്ഷീര മേഖലയിലെ സംരംഭകത്വ സാധ്യതകളും സാമ്പത്തിക സ്രോതസ്സുകളും' എന്ന വിഷയത്തിൽ നോർത്ത് പറവൂർ ഓഫീസർ സി എസ് രതീഷ് ബാബു സെമിനാർ നയിച്ചു. കേരള ബാങ്കിൻറെ വിവിധ വായ്പ പദ്ധതികളെ കുറിച്ച് സീനിയർ മാനേജർ ടി. എസ്. സിന്ധു ക്ലാസ് എടുത്തു.
തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അഡ്വ. അനൂപ് ജേക്കബ് എംഎൽഎ അധ്യക്ഷത വഹിച്ചു. ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ് പദ്ധതി വിശദീകരണം നടത്തി. എറണാകുളം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൻ ഭരണസമിതി അംഗം സിനു ജോർജ് സ്വാഗതം പറഞ്ഞു. ചടങ്ങിൽ മികച്ച ക്ഷീര കർഷകരെയും ക്ഷീര സംഘങ്ങളെയും ക്ഷീര മേഖലയിൽ കൂടുതൽ പദ്ധതി വിഹിതം വെച്ചിട്ടുള്ള ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളെയും ആദരിച്ചു

# എഴുന്നള്ളിപ്പിനിടെ പാപ്പാൻ മദ്യപിച്ചാൽ പിടിവീഴും; ആനകളുടെ തലപ്പൊക്ക മത്സരം നടത്താൻ പാടില്ല

## ആനകൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ അകലം 1.50 മീറ്റർ ആയിരിക്കണം.

## ആനകളും ജനങ്ങളും തമ്മിൽ 3 മീറ്റർ അകലം വേണം

## ബാരിക്കേഡ് പോലുള്ള വസ്തുക്കൾ കൊണ്ട് വേർതിരിക്കണമെന്നും

**കൊച്ചി:** എറണാകുളം ജില്ലയിൽ ഉത്സവാഘോഷ പരിപാടികളോടനുബന്ധിച്ച് ആനയെഴുന്നള്ളിപ്പ് നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായും ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറുമായിട്ടുള്ള നാട്ടാന പരിപാലന ചട്ടപ്രകാരമുള്ള ജില്ലാ മോണിറ്ററിങ് കമ്മിറ്റി യോഗം ചേർന്നു. ആനയെഴുന്നള്ളിപ്പുമായി ബന്ധപ്പെട്ട് വിവിധ തീരുമാനങ്ങൾ യോഗത്തിലുണ്ടായി.ഉത്സവങ്ങളിൽ ആനയെഴുന്നള്ളിപ്പിനിടെപാപ്പാന്മാർ മദ്യപിക്കുന്ന സാഹചര്യങ്ങളും ആനകളുടെ മറവിൽ ലഹരി ഉപയോഗം വർദ്ധിക്കുന്ന സാഹചര്യങ്ങളും പരിശോധിക്കാൻ ജില്ലാ പോലീസ് കമ്മീഷണർക്ക് കത്ത് നൽകുവാൻ യോഗത്തിൽ തീരുമാനിച്ചു.
കേരള ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം എഴുന്നള്ളിപ്പുകളിൽ ആനകൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ അകലം 1.50 മീറ്റർ ആയിരിക്കണം. സ്ഥലപരിധിയ്ക്കനുസരിച്ച് അകലം കൂട്ടാവുന്നതാണ്.
ആനകളെ എഴുന്നള്ളിക്കുമ്പോൾ ആനകളുടെ അടുത്ത് നിന്നും ജനങ്ങൾ നിൽക്കുന്നിടത്തേക്ക് മുന്നിൽ നിന്നും പിന്നിൽ നിന്നും ഏറ്റവും കുറഞ്ഞത് 3 മീറ്റർ അകലം പാലിക്കണമെന്നും ഈ സ്ഥലം ബാരിക്കേഡ് പോലുള്ള വസ്തുക്കൾ കൊണ്ട് വേർതിരിക്കണമെന്നും തീരുമാനിച്ചു.നാട്ടാന പരിപാലന മോണിറ്ററിംഗ് കമ്മിറ്റി തീരുമാന പ്രകാരം ആനകളുടെ തലപ്പൊക്ക മത്സരം നടത്തുവാൻ പാടില്ലെന്ന കർശന നിർദേശം നൽകിയിട്ടുണ്ട്.
ചെറായി ഗൗരീശ്വര ക്ഷേത്രം, വൈപ്പിൻ മല്ലികാർജ്ജുന ക്ഷേത്രം, ചക്കുമരശ്ശേരി ശ്രീ കുമാരമംഗലം ക്ഷേത്രം എന്നീ ക്ഷേത്ര ഭാരവാഹികൾക്ക് ഇതു സംബന്ധിച്ച് നിർദേശം നൽകിയ വിവരം യോഗം അംഗീകരിച്ചു. മത്സര സ്വഭാവത്തോടെ ചടങ്ങ് നടത്തിയാൽ കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നും ക്ഷേത്രം ഭാരവാഹികളെ ബോധ്യപ്പെടുത്തി.ഉത്സവ രജിസ്ട്രേഷൻ ഇല്ലാത്ത എടത്തല ഊരക്കാട് ബാലസുബ്രഹ്മണ്യസ്വാമി ക്ഷേത്ര അപേക്ഷയും, ആനകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ചെറായി ഗൗരീശ്വര ക്ഷേത്ര ഭാരവാഹികളുടെ അപേക്ഷകളും യോഗം നിരസിച്ചു.ആന എഴുന്നള്ളിപ്പിന് പരിശോധനയ്ക്ക് നിലവിൽ ഫീസ് അടച്ച ക്ഷേത്രങ്ങളിൽ
നാലംഗ അംഗ വെറ്റിനറി ഡോക്ടർമാരുടെ സംഘത്തെ അയയ്ക്കാറുണ്ട് എന്ന ചീഫ് വെറ്റിനറി ഓഫീസറുടെ മറുപടി യോഗം അംഗീകരിച്ചു.
നാട്ടാനകൾ ജില്ല മാറി പോകുന്ന വിവരവും, ഡേറ്റാ ബുക്കിലെ പേര് തന്നെ ആനകളുടെ ലോക്കറ്റുകളിൽ വേണമെന്ന് വിവരവും ആന ഉടമസ്ഥരെ കത്ത് മുഖാന്തിരം അറിയിക്കും.എറണാകുളത്തപ്പൻ ശിവക്ഷേത്രത്തിൽ കമ്മിറ്റി അംഗങ്ങൾ സന്ദർശനം നടത്തി സ്ഥല പരിശോധന നടത്തുന്നതിനും യോഗം തീരുമാനിച്ചു.

# മെഡിക്കൽ ഓഫീസർ ഒഴിവ്

**കൊച്ചി:** ജില്ലയിൽ ആരോഗ്യ കേരളത്തിനു കീഴിൽ മെഡിക്കൽ ഓഫീസർ ഒഴിവിലേക്ക് നിയമനം നടത്തുന്നു. കൂടുതൽ വിവരങ്ങൾ ആരോഗ്യകേരളം വെബ് സൈറ്റിൽ ലഭ്യമാണ്.

# മെഗാ ഇ ചലാൻ അദാലത്ത്

**കൊച്ചി:** മോട്ടോർ വാഹന വകുപ്പും പോലീസും സംയുക്തമായി ജില്ലയിലെ മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിൽ ഫെബ്രുവരി 4,5,6 തീയതികളിൽ മെഗാ ഇചലാൻ അദാലത്ത് സംഘടിപ്പിക്കുന്നു. രാവിലെ ഏഴു മുതൽ വൈകീട്ട് ഏഴു വരെയാണ് അദാലത്ത്. ട്രാഫിക് നിയമ ലംഘനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പും പോലീസും ചുമത്തിരിക്കുന്ന പിഴകൾ, കോടതി നടപടികളിൽ ഇരിക്കുന്ന ചെല്ലാനുകൾ എന്നിവ തീർപ്പാക്കാവുന്നതാണ്. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് എറണാകുളം,ഹ മൂവാറ്റുപുഴ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് തൃപ്പൂണിത്തുറ, മട്ടാഞ്ചേരി, നോർത്ത് പറവൂർ, അങ്കമാലി, ആലുവ, പെരുമ്പാവൂർ, കോതമംഗലം എന്നിവിടങ്ങളിലാണ് അദാലത്ത് നടത്തുന്നത്.
ഫോൺ : 0484298 0088

# എസ്. സി പ്രൊമോട്ടർ അഭിമുഖം

**കൊച്ചി:** കൂത്താട്ടുകുളം മുൻസിപ്പാലിറ്റി, ശ്രീമൂലനഗരം പഞ്ചായത്ത് എന്നിവിടങ്ങളിൽ നിലവിലുള്ള എസ്. സി പ്രൊമോട്ടർ ഒഴിവുകളിലേക്ക് അഭിമുഖം നടത്തുന്നു. ഫെബ്രുവരി 12 ബുധനാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ ജില്ലാ പട്ടികജാതി വികസന ഓഫീസിലാണ് അഭിമുഖം .അതത് തദ്ദേശ സംഘടന സ്ഥാപനങ്ങളിൽ സ്ഥിരതാമസക്കാരായ പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ള 18 നും 40 നും മദ്ധ്യേ പ്രായമുള്ള പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് പങ്കെടുക്കാം. 10,000 രൂപയാണ് ഓണറേറിയം. താല്പര്യമുള്ളവർ ജാതി,വയസ്സ്,വിദ്യാഭ്യാസ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം അഭിമുഖത്തിൽ പങ്കെടുക്കാം.
ഫോൺ :0484242 2256

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ജില്ലയിലെ വാഴക്കുളം അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ടിലെ 128 അങ്കണവാടികൾക്ക് 20242025 സാമ്പത്തിക വർഷം ഗുണമേന്മയുള്ള പ്രീ സ്കൂൾ കിറ്റ് വാങ്ങി വിതരണം ചെയ്യുന്നതിന് താത്പര്യമുള്ള ജി.എസ്.റ്റി രജിസ്ട്രേഷനുള്ള വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 15 ന് ഉച്ചയ്ക്ക് 2.30 വരെ.

# വാഹന ലേലം

**കൊച്ചി;** ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറുടെ ഉടമസ്ഥതയിലുള്ള 1996 മോഡൽ ഗഘ01 കെ 2024 മാരുതി ഒമ്നി ലേലം ചെയ്യുന്നു. എറണാകുളം ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറുടെ കാര്യാലയത്തിൽ ഫെബ്രുവരി 5 പകൽ 12ന് നടക്കുന്ന പരസ്യ ലേലത്തിൽ ജി.എസ്.ടി രജിസ്ട്രേഷനുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പങ്കെടുക്കാം
ഫോൺ: 0484 2952258

# ഒക്കൽ ഫാം ഫെസ്റ്റിന് സമാപനം

**കൊച്ചി:** നാടിന്റെ ഉത്സവവമായി മാറിയ ഒക്കൽ ഫാം ഫെസ്റ്റ് സമാപിച്ചു.എറണാകുളം ജില്ലാ പഞ്ചായത്ത്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ഒക്കൽ ഫാം ഫെസ്റ്റിന്റെ സമാപന സമ്മേളനം റോജി എം. ജോൺ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ തവണത്തേക്കാൾ വൻ ജനപങ്കാളിത്തമാണ് ഇത്തവണത്തെ ഫെസ്റ്റിൽ കാണാനായതെന്ന് എം എൽ എ പറഞ്ഞു. മനുഷ്യന്റെ വളർച്ച മണ്ണുമായി ചേർന്നതാണ്. കാർഷിക സംസ്കാരം പ്രോത്സാഹിപ്പിക്കുക എന്നത് ഈ കാലത്തിന്റെ ആവശ്യമാണ്.ചെറുപ്പക്കാർ അഭിമാനത്തോടെ ഈ മേഖലയിലേക്ക് കടന്നു വരുന്ന സാഹചര്യം ഒരുക്കേണ്ടതുണ്ട്. അത്തരത്തിൽ നോക്കിയാൽ ഒക്കൽ ഫാമിന്റെ പ്രവർത്തനം ഏറെ മാതൃകാപരമാണെന്നും അദ്ദേഹം പറഞ്ഞു.ഫാം ഫെസ്റ്റിലുണ്ടായ യുവാക്കളുടെ പ്രാതിനിധ്യം ഏറെ പ്രതീക്ഷ നൽകുന്നു എന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ പറഞ്ഞു. ഒക്കൽ ഫാമിന്റെ പ്രവർത്തനം സംസ്ഥാനത്തിന് തന്നെ മാതൃകയാവുകയാണ്. ഇവിടുത്തെ ഫാം ഫെസ്റ്റ് പോലുള്ള പരിപാടികൾ മറ്റ് ഫാമുകൾ ഏറ്റെടുക്കുകയാണ്. സംസ്ഥാനത്തെ ഏറ്റവും മികച്ച ഫാം ആക്കി ഒക്കലിനെ മാറ്റുമെന്നും അദ്ദേഹം പറഞ്ഞു.
സമാപന സമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എൽസി ജോർജ്, ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്ഥിര സമിതി അധ്യക്ഷ സനിത റഹീം, ജില്ലാ പഞ്ചായത്ത് അംഗം ശാരദ മോഹൻ, ഒക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.എൻ മിഥുൻ, വൈസ് പ്രസിഡന്റ് മിനി സാജൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം എം.കെ രാജേഷ്, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ മനോജ് തോട്ടപ്പിള്ളി, ഫൗസിയ സുലൈമാൻ, ഒക്കൽ ഫാം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഫിലിപ് ജി കാനാട്ട്, ജനപ്രതിനിധികൾ , ഫാം കൗൺസിൽ അംഗങ്ങൾ, രാഷ്ട്രീയ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു. ഔദ്യോഗികമായി സമാപനമായി എങ്കിലും പൊതുജനങ്ങൾളുടെ അഭ്യർത്ഥനപ്രകാരം ഫാം ഫെസ്റ്റ് ഒരാഴ്ച കൂടി തുടരും.

# ജീവനക്കാരുടെ എണ്ണം ഇരട്ടിയാക്കാൻ എക്സ്പീരിയോൺ ടെക്നോളജീസ്

**കൊച്ചി:** കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന എക്സ്പീരിയോൺ ജീവനക്കാരുടെ എണ്ണം 3000 ആയി ഉയർത്താനും 2027 ഓടെ വരുമാനം ഇരട്ടിയാക്കാനും ലക്ഷ്യമിടുന്നു. ആഗോള തലത്തിൽ പ്രോഡക്ട് എൻജിനീയറിങ്, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ സേവനമേഖലകളിൽ മുൻപന്തിയിലുള്ള എക്സ്പീരിയോൺ ടെക്നോളജീസ് പ്രതിവർഷം 30% വരുമാന വളർച്ച പ്രതീക്ഷിക്കുന്നു. സാമ്പത്തിക സേവനങ്ങൾ, ആരോഗ്യം, നിർമ്മാണം, റീടെയിൽ, ഓട്ടോമോട്ടീവ്, ഗതാഗതം തുടങ്ങിയ വിവിധ വാണിജ്യ മേഖലകളിൽ എക്സ്പീരിയോണിൽ ഡിജിറ്റൽ എഞ്ചിനീയറിംഗ് കമ്പനിയായ ഇൻഡിയം കഴിഞ്ഞ വർഷം നിക്ഷേപം നടത്തിയിരുന്നു.

ജീവനക്കാരുടെ എണ്ണത്തിലും കമ്പനി ശക്തമായ മുന്നേറ്റമാണ് കാഴ്ചവച്ചിട്ടുള്ളത്. ഏപ്രിൽ 2024 നു ശേഷം 300 പുതിയ ജീവനക്കാരെ നിയമിക്കാനായി. അവരിൽ 200 ലധികം പേർ തിരുവനന്തപുരം എൻജിനീയറിങ് കോളേജ്, ടി കെ എം കോളേജ്, രാജഗിരി കോളേജ് തുടങ്ങിയ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിച്ച ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴി തിരഞ്ഞെടുക്കപ്പെട്ടവരാണ്. ഈ സാമ്പത്തിക വർഷത്തിൽ 200 പേരെ ക്കൂടി നിയമിക്കുന്നതിനുള്ള ഒരുക്കത്തിലാണ് കമ്പനി.

കേരളത്തിൽ രൂപം കൊണ്ട സ്ഥാപനത്തിൽ നിന്ന് ആഗോളതലത്തിൽ മികവു കാട്ടുന്ന പ്രമുഖ ടെക്നോളജി കമ്പനി എന്ന നിലയിലേയ്ക്ക് എക്സ്പീരിയോൺ ടെക്നോളജീസ് വളർന്നു കഴിഞ്ഞതായി എക്സ്പീരിയോൺ ടെക്നോളജീസ് സഹസ്ഥാപകനും സിഇഒയുമായ ബിനു ജേക്കബ് പറഞ്ഞു.

തിരുവനന്തപുരം ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന എക്സ്പീരിയോൺ ടെക്നോളജീസ്, പ്രോഡക്ട് എൻജിനീയറിങ് രംഗത്തെ പ്രമുഖ കമ്പനി എന്ന തലത്തിൽ പ്രശസ്തി നേടിക്കഴിഞ്ഞു. ഫോർച്യൂൺ 500 ഉപഭോക്താക്കളുമായി ഡിജിറ്റൽ പരിവർത്തന സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനായി വർഷങ്ങൾ നീണ്ടു നിൽക്കുന്ന പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുള്ള എക്സ്പീരിയോൺ, യു എസ്, യൂറോപ്പ്, ഓസ്ട്രേലിയ, ജപ്പാൻ എന്നവിടങ്ങളിൽ ഉൾപ്പടെ നിരവധിയിടങ്ങളിൽ ഉപഭോക്താക്കൾക്ക് നൂതന സേവനങ്ങൾ നൽകി വരുന്നു.

അമേരിക്കയിലെ അതിവേഗം വളരുന്ന കമ്പനികളുടെ പട്ടികയായ ഐഎൻസി 5000 ൽ തുടർച്ചയായി ഏഴാം വർഷവും ഇടം പിടിച്ച എക്സ്പീരിയോൺ, കേരളത്തിൽ നിന്ന് ആഗോളതലത്തിലേക്ക് ഉയർന്ന അതുല്യമായ വളർച്ചയെ അടയാളപ്പെടുത്തുന്നു. മികച്ച തൊഴിലാന്തരീക്ഷം നിലനിർത്തുന്നതിലൂടെ 'ഗ്രേറ്റ് പ്ലേസ് റ്റു വർക്ക്' സർട്ടിഫിക്കേഷൻ തുടർച്ചയായി 4 വർഷം നേടിയ എക്സ്പീരിയോൺ, 1650ത്തോളം പ്രോഡക്ട് എഞ്ചിനീയറിങ് വിദഗ്ധരുമായി എട്ട് ലോകമേഖലകളിലായി പ്രവർത്തിക്കുന്നു.




# കൊച്ചി മാരത്തോണിന്റെ ജേഴ്സി പുറത്തിറക്കി; റൂട്ട് പ്രഖ്യാപിച്ചു

**കൊച്ചി**: ഈ മാസം 9ന് ക്ലിയോസ്പോർട്സ് സംഘടിപ്പിക്കുന്ന ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോണിന്റെ ജേഴ്സി പുറത്തിറക്കി. ഹോട്ടൽ താജ് വിവാന്തയിൽ നടന്ന ചടങ്ങിൽ മാരത്തോണിന്റെ ഗുഡ്‌വിൽ അംബാസഡർ നടിയും കായികതാരവുമായ പ്രാചി തെഹ്ലാൻ, ഫെഡറൽ ബാങ്ക് സിഎംഒ എം.വി.എസ്. മൂർത്തി, കോസ്റ്റ് ഗാർഡ് ഡിഐജി എൻ. രവി, ക്ലിയോസ്പോർട്സ് ഡയറക്ടർമാരായ ശബരി നായർ, അനീഷ് പോൾ എന്നിവർ ചേർന്നാണ് ജേഴ്സി പുറത്തിറക്കിയത്. ചടങ്ങിൽ മാരത്തോൺ റൂട്ടും പ്രഖ്യാപിച്ചു. 42.195 കി.മീ മാരത്തൺ, 21.097 കി.മീ ഹാഫ് മാരത്തൺ, 10 കി.മീ, 3 കി.മീ ഗ്രീൻ റൺ എന്നീ വിഭാഗങ്ങളിലാണ് മാരത്തോൺ നടക്കുക.

മാരത്തൺ പുലർച്ചെ 4 മണിക്ക് മറൈൻ ഡ്രൈവ് ഷൺമുഖം റോഡിൽ നിന്നും ആരംഭിക്കുന്ന മാരത്തോൺ പാർക്ക് അവന്യു, ഫോർഷോർ റോഡ്, ചർച്ച് ലാൻഡിങ് റോഡ്, വെണ്ടുരുത്തി പാലം, എംജി റോഡ്, ഹൈക്കോടതി ജങ്ഷൻ, ഗോശ്രീ ജങ്ഷൻ വഴി തിരിച്ച് മറൈൻ ഡ്രൈവിൽ സമാപിക്കും. ഹാഫ് മാരത്തൺ രാവിലെ 5 മണിക്കും, 10 കി മീ മാരത്തൺ 6 മണിക്കും, 3 കിമീ ഗ്രീൻ റൺ 7 മണിക്കും ആരംഭിക്കും.

ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റും എറണാകുളം റീജിയണൽ ഹെഡുമായ മോഹനദാസ് ടി.എസ്, വൈസ് പ്രസിഡന്റ് സുരേഷ് കുമാർ ജി, ഇഞ്ചിയോൺ കിയ മാർക്കറ്റിങ് ഹെഡ് ഓസ്വിൻ ഡേവിഡ്, റേസ് ഡയറക്ടർ ഒളിമ്പ്യൻ ആനന്ദ് മെനസെസ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

# ആരോഗ്യ രംഗത്തെ മാറ്റങ്ങൾ ചർച്ച ചെയ്ത് എഎച്ച്പിഐയുടെ അന്താരാഷ്ട്ര കോൺക്ലേവ്

**കൊച്ചി:** ഹോസ്പിറ്റൽ മാനേജ്മെന്റിലെ വിപ്ലവകരമായ മാറ്റങ്ങളും രോഗീ കേന്ദ്രീകൃത പരിചരണത്തിൽ കൈവരിച്ചിരിക്കുന്ന മുന്നേറ്റങ്ങളും ചർച്ച ചെയ്ത് എഎച്ച്പിഐയുടെ അന്താരാഷ്ട്ര കോൺക്ലേവ്. കൊച്ചിലേ മെറിഡിയനിൽ നടന്ന് വന്നിരുന്ന ദ്വിദിന കോൺക്ലേവ് സമാപിച്ചു. രാജ്യത്തിനകത്തും പുറത്തും നിന്നുമായി ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന അഞ്ഞൂറോളോളം ആളുകൾ കോൺക്ലേവിൽ പങ്കെടുത്തു.

ക്ലിനിക്കൽ ലീഡർഷിപ്പ്, മെഡിക്കൽ സംബന്ധമായ പിഴവുകൾ ഒഴിവാക്കുന്നതിനായി മോണിറ്ററിങ്, രോഗനിർണ്ണയം തുടങ്ങിയവയിലെ അക്രഡിറ്റേഷന്റെ പ്രാധാന്യം, ചികിത്സാരീതികളിൽ ഡിജിറ്റൽ മുന്നേറ്റങ്ങളുടെ സംയോജനം, തൊഴിൽപരമായി ആരോഗ്യസേവന ദാതാക്കൾ നേരിടുന്ന വെല്ലുവിളികൾ, ക്ലിനിക്കൽ മികവിൽ നഴ്സുമാരുടെ പങ്ക്, നഴ്സുമാരുടെ തൊഴിൽശേഷി വികാസം തുടങ്ങിയ വിഷയങ്ങൾ കോൺക്ലേവിന്റെ രണ്ടാം ദിനത്തിൽ പ്രധാന ചർച്ചയായി.

കഹോ സെക്രട്ടറി ജനറൽ ഡോ. ലല്ലു ജോസഫ്, ബഹ്റൈൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന സീനിയർ ഹെൽത്ത്കെയർ സ്ട്രാറ്റജിസ്റ്റും ക്വാളിറ്റി വിദഗ്ദ്ധയുമായ ഡോ. ആമിന മാലിക്, രാജഗിരി ഹോസ്പിറ്റൽ നഴ്സിംഗ് ഡയറക്ടർ ഡോ. എലിസബത്ത് ഡേവിഡ് തുടങ്ങിയ ആരോഗ്യവിദഗ്ദ്ധർ ചർച്ചയിൽ പങ്കെടുത്തു.

95 ആശുപത്രികൾക്ക് പ്രവർത്തന മികവിനുള്ള പുരസ്കാരങ്ങളും കോൺക്ലേവിൽ സമ്മാനിച്ചു. ഏതൊരു മേഖലയിലും മികവ് പുലർത്തേണ്ടത് അടിസ്ഥാന മാനദണ്ഡമാണെന്നും രാജ്യത്തുടനീളം കുറ്റമറ്റ ആരോഗ്യസേവങ്ങൾ ഉറപ്പാക്കാൻ അക്ഷീണം പരിശ്രമിക്കുന്ന എഎച്ച്പിഐയുടെ ശ്രമങ്ങൾ ഏറെ അഭിനന്ദനാർഹമാണെന്നും ഹൈക്കോടതി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു.

ആരോഗ്യപരിചരണവുമായി ബന്ധപ്പെട്ട് നിരവധി ആശയങ്ങൾ ചർച്ച ചെയ്യപ്പെടനുള്ളൊരു വേദിയായി കോൺക്ലേവ് മാറിയെന്നും എഎച്ച്പിഐയുടെ കൂട്ടായ പരിശ്രമത്തിലൂടെ ഇന്ത്യയിലെ ആരോഗ്യ രംഗത്തെ കൂടുതൽ മികവുറ്റതാക്കാൻ സാധിക്കുമെന്നും എച്ച്പിഐ അഖിലേന്ത്യ പ്രസിഡന്റും കിംസ് ഹെൽത്ത് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം.ഐ സഹദുള്ള പറഞ്ഞു. രാജഗിരി ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാദർ ജോൺസൺ വാഴപ്പിള്ളി (ഓർഗനൈസിംഗ് കോ. ചെയർ), കിൻഡർ ഹോസ്പിറ്റൽസ് സിഇഒ രഞ്ജിത് കൃഷ്ണൻ (ഓർഗനൈസിംഗ് സെക്രട്ടറി), ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഡയറക്ടറും സി.ഇ.ഒയുമായ പ്രൊഫ. ഡോ. ജോർജ് ചാണ്ടി മറ്റീത്ര (കോ. ചെയർ) എന്നിവരും ചടങ്ങിന്റെ ഭാഗമായി.

# ഭാവിയുടെ മികച്ച തെരഞ്ഞെടുപ്പ് പൊതുവാഹനങ്ങളാകണം: കെ എം എ

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റ് ലെക്ചർ സീരിസിൽ ഫ്യൂച്ചർ ഓഫ് മൊബിലിറ്റി ചാലഞ്ചസ് ആന്റ് ഇന്നവേഷൻസ് എന്ന വിഷയത്തിൽ പോപുലർ വെഹിക്ക്ൾസ് ആന്റ് സർവീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും കുട്ടൂക്കാരൻ ഗ്രൂപ്പ് ഓഫ് കമ്പനീസ് ഡയറക്ടറുമായ നവീൻ ഫിലിപ്പ് മുഖ്യപ്രഭാഷണം നടത്തി.

ഇലക്ട്രിക് വാഹനങ്ങളാണ് ഭാവിയുടേതായി വിശേഷിപ്പിക്കപ്പെടുന്നതെങ്കിലും ഭാവിയിൽ പൊതുഗതാഗത വാഹനങ്ങൾ ഉപയോഗിക്കുന്നതാണ് ഏറ്റവും മികച്ച തെരഞ്ഞെടുപ്പെന്ന് നവീൻ ഫിലിപ്പ് പറഞ്ഞു. എന്നാൽ അയൽക്കാരന്റെ അസൂയയും സ്വന്തം അഭിമാനവുമെന്നത് നമ്മൾ മാറ്റിവെക്കണമെന്നും അദ്ദേഹം വിശദമാക്കി. കാർബൺ മോണോക്സൈഡിന്റെ പുറന്തള്ളലുകളുണ്ടാക്കുന്ന ദുരന്തങ്ങളാണ് പെട്രോൾ ഇന്ധനങ്ങൾക്ക് പകരം ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നതെന്നും നവീൻ ഫിലിപ്പ് ചൂണ്ടിക്കാട്ടി.

കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. കെ എം എ വൈസ് പ്രസിഡന്റ് അൽജിയെർസ്സ് ഖാലിദ് സ്വാഗതവും സെക്രട്ടറി ഡോ. അനിൽ ജോസഫ് നന്ദിയും പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives!




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663